ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 61
Issue. 03
MARCH 2018



www.ernakulamarchdiocese.org



**മാർച്ച് 19-ാം തീയതി**
**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന്**
**എറണാകുളം-അങ്കമാലി അതിരൂപതയുടെ**
**തിരുനാൾ ആശംസകൾ!!!**

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
# എറണാകുളം മിസ്സം
BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | നോമ്പുകാല സന്ദേശം |
| 12. | സർക്കുലർ (സിനഡ് 25-ാം സമ്മേളനം) |
| 19. | സർക്കുലർ - മിഷൻ പരിശീലനം |
| 21. | സർക്കുലർ (അതിരൂപത) |
| 27. | യുവജനസ്പന്ദനങ്ങൾ (3) |
| 29. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 36. | കച്ചേരിക്കാര്യം |
| 40. | Transfers/Appointments |
| 45. | നിവേദിത, ചുണങ്ങംവേലി |
| 46. | വൊക്കേഷൻ പ്രൊമോഷൻ |
| 47. | നിര്യാതരായി |
| 53. | വാർത്തകളും വിശേഷങ്ങളും |
| 54. | Department of Catechesis |
| 60. | Department of Family Apostolate |
| 62. | നൈപുണ്യ ഇന്റർനാഷണൽ |
| 63. | Department of Evangelization |
| 64. | Department of Family Units |
| 65. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 68. | കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി |
| 70. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Jose Pollayil**

Volume : **61**
Issue No. : **3**
Month : **March 2018**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 01.3.1935 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 06.3.1985 |
| Fr. Pudichery Thomas, Edad | 1926 | 1955 | 07.3.2008 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 08.3.1969 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 08.3.1964 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 09.3.1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10.3.1966 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12.3.1955 |
| Fr. Maniamkot Varghese, Chethicode | 1872 | 1897 | 12.3.1950 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13.3.2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15.3.2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16.3.2005 |
| Fr. Edangarpilly Jocob, Kumbalam | 1882 | 1911 | 22.3.1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23.3.1942 |
| *Mar Antony Cardinal Padiyara, Manimala* | *1921* | *1945* | *23.3.2000* |
| Fr. Thazhathu John, Kothavara | 1891 | 1919 | 23.3.1983 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24.3.2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24.3.2017 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29.3.1997 |
| Fr. Maniamkot John, Chethicode | 1880 | 1912 | 29.3.1945 |
| Fr. Malamel Gheevarghese, S. Parur | 1854 | | 31.3.1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31.3.1950 |
| Fr. Chiramel George, Manjapra | 1914 | 1947 | 31.3.2010 |



# നോമ്പുകാല സന്ദേശം

**ഫ്രാൻസിസ് മാർപാപ്പ**

*"അധർമ്മം വർദ്ധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാനസാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കു

കൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: “അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും” (മത്താ 24:12).

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശുവിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചു പോകും.

**വ്യാജപ്രവാചകന്മാർ**

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.

“പാമ്പുപിടിത്തക്കാരെ”പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയിക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥ സുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. ‘എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.’

വ്യാജപ്രവാചകന്മാർക്ക് “മുറിവൈദ്യന്മാരാ”യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത

അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥ ശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ച വടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാ സത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യ ഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടു ത്തുചെന്നു നോക്കണം മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ച റിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥ ത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

**തണുത്ത ഹൃദയം**

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണി ക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തു റഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരി ക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞുപോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം. നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തി നുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാ ധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയി ക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റ

ക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദ സാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യം കൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

**നാം എന്താണു ചെയ്യേണ്ടത്?**

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ, നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ്ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

## ഈസ്റ്ററിന്റെ അഗ്നി

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട "24 മണിക്കൂർ കർത്താവിനുവേണ്ടി" എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന "അങ്ങു പാപം പൊറുക്കുന്നവനാണ്" എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. "പുതിയ തീയിൽ" നിന്നെ

ടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. "മഹത്ത്വത്തിൽ ഉയിർക്കുന്ന ക്രിസ്തുവിന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന്,
1 നവംബർ 2017
സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പ**

---

## പ്രത്യേക ശ്രദ്ധയ്ക്ക്

### അതിരൂപതാ ഡയറക്ടറി 2018 – 2019

2018 - 19 വർഷത്തേയ്ക്കുള്ള അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ (ഫോൺ നമ്പർ, അഡ്രസ്സ് മുതലായവ) **2018 മാർച്ച് 31 – ന്** മുമ്പായി അതിരൂപതാ കച്ചേരിയിൽ എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു.

ഫാ. ജോർജ് കളപ്പുരയ്ക്കൽ
വൈസ് ചാൻസലർ
(Mob: 93870 74502, E-Mail: kalapurasunny@gmail.com)

**Prot. No. 0184/2017**

# സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും വേണ്ടി എഴുതുന്നത്.**

**ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,**

നമ്മുടെ സഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദിവസങ്ങളിലാണ് സഭാസിനഡിന്റെ XXVI -ാം സമ്മേളനം നടത്തപ്പെട്ടത്.

ആദ്യമായി സഭാസിനഡിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, എന്നിവരേയും പുതുതായ രൂപം കൊണ്ട ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിനേയും സിനഡ് അനുമോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. നമ്മുടെ സഭയ്ക്ക് പുതിയ രണ്ട് ഇടയൻമാരെക്കൂടി ലഭിച്ച വിവരം ഈ സിനഡിനിടയ്ക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇടുക്കി രൂപതാദ്ധ്യക്ഷനായി ഫാദർ ജോൺ നെല്ലിക്കുന്നേലും, സാഗർ രൂപതാദ്ധ്യക്ഷനായി ഫാദർ ജെയിംസ് അത്തിക്കളം MST യും നിയമിതരായി. ഈ പുതിയ പിതാക്കൻമാർക്കുവേണ്ടി ഏവരും പ്രാർത്ഥിക്കുമല്ലോ.

തമിഴ്നാട്ടിൽ പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതാസ്ഥാപനത്തിനു വേണ്ടി വർഷങ്ങളോളം പരിശ്രമിച്ച ഇരിങ്ങാലക്കുട രൂപതാ അധികാരികൾക്കും മുൻ മേലദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും സിനഡ് കൃതജ്ഞതയർപ്പിച്ചു.

വിശാലമായ അതിർത്തികളോടെ രൂപീകൃതമായ പുതിയ ഷംഷാബാദ് രൂപത അദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് സിനഡ് ആശംസകൾ അർപ്പിച്ചു. ഷംഷാബാദ് രൂപതാസ്ഥാപനത്തോടെ ഭാരതം മുഴു

വനും പ്രേഷിത പ്രവർത്തനം നടത്തുവാനും അജപാലനശുശ്രൂയിൽ ഏർപ്പെടുവാനും ഉള്ള അവകാശാധികാരങ്ങൾ സീറോമലബാർ സഭയ്ക്ക് കൈവന്നിരിക്കുകയാണ് എന്ന് സിനഡ് വിലയിരുത്തി. ഈ അവകാശാധികാരങ്ങളോടുകൂടെയുള്ള പുതിയ സംവിധാനത്തിന് വഴി യൊരുക്കിയ ആദ്യത്തെ അപ്പസ്തോലിക്ക് വിസിറ്റേറ്ററായ അഭിവന്ദ്യ കർദിനാൾ ആന്റണി പടിയറ, മാർ ഗ്രിഗറി കരോട്ടേമ്പ്രയിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ എന്നിവരെ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു. പുതിയ രൂപതയുടെ പ്രവർത്തനങ്ങൾക്ക് മാതൃസഭയിൽ നിന്നും സഭ യിലെ സമർപ്പിതസമൂഹങ്ങളിൽ നിന്നും ആത്മാർഥമായ സഹായസഹ കരണങ്ങൾ ഉണ്ടാകേണ്ടതാണെന്ന് ഉദ്ബോധിപ്പിക്കുന്നു. ഇന്ത്യയിൽ ആഗോളതലത്തിൽ അവകാശാധികാരങ്ങൾ വ്യാപിപ്പിച്ചു കിട്ടിയത് സുവിശേഷവത്കരണത്തിനുള്ള അവസരമായിട്ടും മറ്റു വ്യക്തി സഭ കളുമായി സമാധാനപരമായ സഹവർത്തിത്വത്തിനും ഉള്ള അവസര മായി കാണേണ്ടതുണ്ട്. സീറോമലബാർ സഭയ്ക്ക് ഇന്ത്യയിൽ മുഴു വൻ അജപാലനാധികാരം ലഭിച്ചത് രജതജൂബിലി വർഷത്തിലാണ് എന്നത് ശ്രദ്ധേയമാണ്.

പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മുരിയ്ക്കൻ, മാർ ടോണി നീലങ്കാവിൽ എന്നിവർക്ക് സിനഡ് ജൂബിലി ആശംസകൾ നേർന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ അവ സരത്തിൽ ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിൽ കത്തോലിക്കാസഭ അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരി ക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും സത്ന, സാഗർ, ജഗദൽപൂർ എന്നീ രൂപതകളിലെ ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സിനഡ് ആശങ്ക രേഖപ്പെടുത്തി.

മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി ആഘോഷ ങ്ങളെപ്പറ്റി സിനഡ് വിശകലനം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ പിതാക്കൻമാരും ഒന്നു ചേർന്ന് ജനുവരി 13 -ാം തീയതി കൃതജ്ഞതാബലി അർപ്പിക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന പൊതുസമ്മേളനം കൽദായ കത്തോലിക്കാ സഭയുടെ പാത്രിയാർക്കിസ് ലൂയീസ് റാഫേൽ സാക്കോ ഉത്ഘാടനം ചെയ്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ഡോ. ജാംബത്തിസ്ത ദികാത്രോ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എന്നെ കൂടാതെ സി.ബി.സി.ഐ പ്രസിഡന്റും സീറോമലങ്കര സഭ

മേജർ ആർച്ച്ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ, പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച്ബിഷപ്പ് ഡോ. സിറിൽ വാസിൽ, വരാപ്പുഴ മുൻ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ഗ്രീക്ക് കത്തോലിക്കാസഭയുടെ അദ്ധ്യക്ഷപദവിയിൽനിന്നും വിരമിച്ച ബിഷപ്പ് ഡിമിത്രിയോസ് സലാക്കാസ്, സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, സി.എം.സി. മദർ ജനറൽ സി. സിബി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു പറയനിലം, മാതൃവേദി സെക്രട്ടറി ജിജി ജേക്കബ്, എസ്.എം.വൈ.എം പ്രസിഡന്റ് അരുൺ ഡേവിസ് എന്നിവരും തദവസരത്തിൽ ആശംസകൾ നേരുകയുണ്ടായി. സിനഡിൽ സംബന്ധിച്ചിരുന്ന സീറോമലബാർ സഭയിലെ എല്ലാ പിതാക്കന്മാർക്കും പുറമെ സീറോമലബാർ സഭയുടെ എല്ലാ രൂപതകളിൽനിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടേയും അത്മായ സഹോദരങ്ങളുടേയും പ്രത്യേകമായി, യുവജനങ്ങളുടേയും പ്രതിനിധികളും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയും അവരുടെ ജീവനും സ്വത്തിനും കൃഷിക്കും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷക കുടുംബങ്ങളേയും കൃഷിയിടങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സിനഡ് പിതാക്കൻമാർ അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങൾക്കെതിരെ കിടങ്ങ്, ഉയർന്ന മതിൽ, സോളാർ, ഇലക്ട്രിക്കൽ വേലികൾ തുടങ്ങിയവ നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. മനുഷ്യസംരക്ഷണത്തേക്കാൾ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സമീപനരീതി തികച്ചും അപലപനീയമാണ്. ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നതും നിലനിൽക്കുന്നതും (Sustainable) ആയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധസംഘടനകളും മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. INFARM, AKCC തുടങ്ങിയ സംഘടനകൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും പൊതുജനാഭിപ്രായരൂപീകരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മലയോര മേഖലയിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും, കാർഷിക വിളകളുടെ വിലയിടിവിനും, പ്രകൃതിക്ഷോഭം, തുടങ്ങിയ

പ്രശ്നങ്ങൾക്കും ഒരു സാമ്പത്തിക സുരക്ഷാ പദ്ധതി വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇത്യാദി പ്രശ്നങ്ങൾ കൊണ്ട് മലയോര മേഖലയിൽ കഴിയുന്നവർ കുടിയിറങ്ങുന്ന പ്രവണത സിനഡ് ആശങ്കാപൂർവ്വമാണ് നോക്കി കാണുന്നത്. ഇത് ഒരു പുതിയ രീതിയിലുള്ള കുടിയേറ്റത്തിന് രൂപം കൊടുക്കുന്നു.

നമ്മുടെ സഭയിൽ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി ഒരു കമ്മീഷന് രൂപം കൊടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. മാതൃസഭയിൽ ദൈവവിളികൾ, പ്രത്യേകിച്ചും, സ്ത്രീകൾക്കായുള്ള സമർപ്പിതസമൂഹങ്ങളിലേക്കുള്ള ദൈവവിളികൾ, ആശങ്കാജനകമാംവിധം കുറഞ്ഞു വരുന്നതിനെപ്പറ്റി സിനഡ് വിലയിരുത്തി. ഈ കമ്മീഷനുമായി സഹകരിച്ച് സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ദൈവവിളി പ്രേത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിമാർക്കും ഇടവകയിലെ സമർപ്പിതസമൂഹങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിൽ വലിയ പങ്കുവഹിക്കുവാനുണ്ട്. മിഷൻ ലീഗ് തുടങ്ങിയ സംഘടനകൾ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യവും ദൈവവിളികളും പ്രോത്സാഹിപ്പിക്കുവാൻ മുന്നിട്ടിറങ്ങണം. വൈദികപരിശീലന കാലഘട്ടത്തിൽ തന്നെ പ്രേഷിതാഭിമുഖ്യം (Mission awareness) നൽകുവാൻ പരിശ്രമിക്കേണ്ടതാണ്. റീജൻസി കാലത്തും വൈദികപട്ടത്തിനു ശേഷമുള്ള ആദ്യത്തെ ചില വർഷങ്ങളിലും നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവസരം ഒരുക്കേണ്ടതാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അൽമായരേയും സന്നദ്ധ സംഘടനാംഗങ്ങളേയും വോളന്റിയർമാരായി മിഷൻ രൂപതകളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ മിഷൻ രൂപതകളിൽ നിന്നും കേരളത്തിൽ മാതൃസഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും വന്ന് മിഷനെപ്പറ്റി പ്രസംഗിക്കുന്ന രീതി (Mission Appeal) പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി മിഷനിൽ നിന്നും കേരളത്തിൽ വരുന്ന Vocation Promoters -ന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. മിഷൻ രൂപതകളിലേക്ക് പൊതുവായി സെമിനാരിക്കാരെ എടുത്ത് മേജർ ആർച്ച്ബിഷപ്പിന്റെ നേതൃത്വത്തിൽ പരിശീലിപ്പിക്കണമെന്ന് സിനഡിൽ നിർദ്ദേശമുണ്ടായി.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളെ

ചർച്ചയ്ക്കുശേഷം തീരുമാനങ്ങളായി സിനഡ് അംഗീകരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ പരിപാടികളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്ന സാഹചര്യങ്ങളിൽ സ്വീകരണം പള്ളിയുടെ പ്രവേശന കവാടത്തിൽ വച്ച് നടത്തുക. ഇടവകയുടെ അതിർത്തികളിലോ, ഗേറ്റിനടുത്തോ ഉള്ള സ്വീകരണം ഒഴിവാക്കുക. റോഡരികിലുള്ള ഫ്ളക്സ്, ആർച്ച് എന്നിവ ഒഴിവാക്കുക.
2. എല്ലാ ആഘോഷങ്ങളും ലളിതമായിരിക്കണം. ഏതു തരത്തിലുള്ള പബ്ലിസിറ്റിയും ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയും വളരെ ലളിതമായിട്ടുള്ളതുമായിരിക്കണം.
3. രൂപതയുടെയോ, ഇടവകയുടേയോ മറ്റു സമർപ്പിത സമൂഹങ്ങളുടേയോ സ്ക്കൂളുകളിൽ നിർബന്ധിതമായിട്ടുള്ള സംഭാവന ചോദിക്കുവാൻ പാടില്ല.
4. രൂപതയുടെയോ, ഇടവകയുടേയോ, സമർപ്പിത സമൂഹങ്ങളുടേയോ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ക്കൂളുകളിൽ നിർധനരായ കുട്ടികൾക്കും കത്തോലിക്കർക്കും ഫീസ് ഇളവ് അനുവദിക്കണം.
5. കത്തോലിക്ക എയ്ഡഡ് സ്ക്കൂളുകളും, പ്രദേശിക സ്ക്കൂളുകളും വളർത്തണം.
6. സാമ്പത്തിക സുസ്ഥിതിയുള്ള മാതൃസഭയിലെ ഇടവകകൾ ഒരു മിഷൻ കേന്ദ്രത്തെ ദത്തെടുക്കണം.
7. ഇടവകയിലെ മുതിർന്ന പൗരൻമാരുടെ കഴിവുകളെ പ്രയോജനപ്പെടുത്തണം.
8. കുടുംബത്തിലെ ആഘോഷങ്ങളുടെ ഒരു തുക പാവപ്പെട്ടർക്കു വേണ്ടി നീക്കിവയ്ക്കണം.
9. ഇടവകയിലുള്ള പിരിവുകൾ കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. നിർബന്ധിതമായിട്ടുള്ള ഫീസുകളും, സംഭാവനകളും പാടില്ല.
10. വിദ്യാഭ്യാസത്തിനോ, ജോലി ആവശ്യങ്ങൾക്കോ വേണ്ടി ഇടവകയിൽ നിന്നും മാറുന്നവരുടെ വിവരങ്ങൾ അവർ അംഗമായിരിക്കുന്ന രൂപതയിലെ ഇടവകകളിൽ സൂക്ഷിക്കണം. കൂടാതെ

അവർ ആയിരിക്കുന്ന സ്ഥലത്തെ സീറോമലബാർ ഇടവകയുമായി ബന്ധപ്പെടുവാനുള്ളസഹായങ്ങളും ചെയ്തുകൊടുക്കണം. കൂദാശകൾ സ്വീകരിക്കുന്നതിനോ പരികർമ്മം ചെയ്യുന്നതിനോ ഉള്ള യാതൊരുവിധ സംഭാവനകളും പ്രാദേശിക ഇടവക ചോദിക്കുവാൻ പാടുള്ളതല്ല.

എറണാകുളം-അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമി വിൽപന സംബന്ധിച്ച് സഭയിലും സമൂഹത്തിലും ഉണ്ടായ പരാമർശങ്ങളെ സിനഡ് വിലയിരുത്തി. മേജർ ആർച്ചുബിഷപ്പിനും സഹായമെത്രാന്മാർക്കും സഹായകമായ നിർദ്ദേശങ്ങൾ നൽകി.

വൈദിക പരിശീലനം പൂത്തിയാക്കുന്നവർ ഡീക്കൻ പട്ടത്തിന് മുൻപ് എടുക്കേണ്ട പ്രതിജ്ഞയ്ക്ക് സിനഡ് അന്തിമരൂപം നൽകി. സിനഡ് അംഗീകരിച്ച വൈദിക ശുശ്രൂഷയുടെ സുരക്ഷാ പശ്ചാത്തലങ്ങളെ സംബന്ധിക്കുന്ന Safe Environmental Programme for Church Personnel വൈദികരുടെ ധാർമ്മിക ഉത്തരവാദിത്വത്തെപ്പറ്റി അവരെ കൂടുതൽ ബോധവാൻമാരാക്കും എന്ന് സിനഡ് പ്രതീക്ഷിക്കുന്നു.

A.K.C.C.-യുടെ ജൂബിലി വർഷമായ ഇക്കൊല്ലം ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സംഘടനയെ എല്ലാത്തലങ്ങളിലും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.

ഭാരതത്തിനു പുറത്തുള്ള സീറോമലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങൾ സിനഡ് ഗൗരവമായി ചർച്ചചെയ്യുകയും ഇതിനായി ബന്ധപ്പെട്ടവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച തുടരുവാനും തീരുമാനിച്ചു. ഖത്തറിലെ ദോഹയിലെ സീറോമലബാർ ഇടവക ഒരു സ്വതന്ത്ര ഇടവകയാക്കണമെന്ന (Personal Parish) ആവശ്യം സിനഡ് പരിഗണിച്ചു. സാർവ്വത്രിക സഭയിൽ അടുത്തുവരുന്ന മെത്രാൻ സിനഡ് "യുവജനങ്ങൾ-വിശ്വാസവും ജീവിത പാത കണ്ടെത്തലും" എന്നതിനെപ്പറ്റിയാണല്ലോ. ഈ സിനഡിൽ സംബന്ധിക്കുവാൻ നമ്മുടെ സഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും സിനഡിനുള്ള ഒരുക്കങ്ങൾ ഊർജിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാൽഡിയൻ പേട്രിയാർക്ക് ലൂയിസ് സാക്കോ, അപ്പസ്തോലിക് നുൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോ, ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറി ആർച്ച്ബിഷപ്പ് സിറിൽ വാസിൽ, അണ്ടർ സെക്രട്ടറി

ഫാ. ലൊറൻസോ ലോറൂസ്സോ O.P, ഫ്രാൻസിലെ സന്നദ്ധ സഹായ സംഘടനയായ l'Oeuvre d'Orient -ന്റെ ഡയറക്ടർ ജനറൽ മോൺസി ഞ്ഞോർ- പാസ്കൽ ഗോൾണിഷ്, Charge D'Affaires ഡൊമിനിക് ബ്ലേറ്ററി തുടങ്ങിയവർ സിനഡിൽ വിശിഷ്ടാതിഥികളായി സംബന്ധിച്ചത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

അടുത്തുവരുന്ന C.B.C.I. പ്ലീനറിയുടെ വിഷയം, "United in Diversity for a Mission of Mercy and Witness", സിനഡ് ചർച്ച ചെയ്യുകയും അതിനൊ രുക്കമായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. അടു ത്തുവരുന്ന നോമ്പുകാലം നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

................................................

N.B: ഈ വിജ്ഞാപനം 2018 മാർച്ച് മാസത്തിലെ ഏതെങ്കിലും ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കുകയോ ഇതിന്റെ സാരാംശം ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

---


## Little Flower Congregation (C.S.T.)

### St. Joseph's Provincial House, CST Fathers, Aluva

| | | |
|---|---|---|
| Provincial Superior | : | Fr. Tomy Alumkalkarot CST |
| Vicar Provincial | : | Fr. Joby Vellaplackel CST |
| Councilors | : | Fr. Joseph Mundolickal CST<br>Fr. Linto Thakarappillil CST<br>Fr. Jaimon Thekkekumbalath CST |
| Provincial Auditor | : | Fr. Sebastian Puthenchirayil CST |

പുതിയ സാരഥികൾക്ക് അനുമോദനങ്ങളും,
പ്രാർത്ഥനാശംസകളും!!!

Prot. No. 0167/2018

## സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടെയും ദൈവവിളിയെക്കുറിച്ചുതന്നെ.

“വിളവധികം വേലക്കാരോ ചുരുക്കം” (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിത പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ മേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനവും പ്രേഷിത പ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടെയും സമർപ്പിതരുടെയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ ഉപരിവിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ എപ്പിസ്ക്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഇ-മെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോൽസാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സസ്നേഹം,

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, P.B. No. 3110,
Kochi 682030, India.

Mob: +91 9495772184
E-mail: smcvocationcommission@gmail.com

..........................................

N.B: ഈ സർക്കുലർ മാർച്ച് മാസത്തിലെ ഏതെങ്കിലുമൊരു ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കുകയോ ഇതിന്റെ സാരാംശം ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

**Prot. No. 1/18**

## സർക്കുലർ

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മൾ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. തന്റെ പ്രധാന ദൗത്യം നിർവഹിക്കാൻ ഈശോ നടത്തിയ ഒരുക്കത്തിന്റെ ആരംഭ മായിരുന്നു അവിടുത്തെ ഉപവാസം. പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും കടന്നു പോകുക എന്നത് ഒരു മനുഷ്യൻ എന്ന നിലയിൽ ഈശോയ്ക്ക് അചിന്തനീയമായ കാര്യമായിരുന്നു. എങ്കിലും, അതിനുശേഷം ഉയിർപ്പുണ്ട് എന്നും അവിടുത്തേക്ക് ഉറപ്പു ണ്ടായിരുന്നു. തന്റെ ഉയിർപ്പിലൂടെ ആ ഉറപ്പ് വിശ്വാസയോഗ്യമാണെന്ന് അവിടുന്ന് തെളിയിച്ചു. നമ്മൾ കടന്നു പോകുന്ന പീഡാസഹനത്തിനും ഇതുപോലെയൊരു ഫലമാണുള്ളതെന്ന് അവിടുന്ന് പഠിപ്പിക്കുന്നു. ഈ സത്യം ഉൾക്കൊണ്ടുകൊണ്ട് നമുക്ക് നോമ്പിലേക്ക് പ്രവേശിക്കാം. നമ്മുടെ അതിരൂപതയുടെ ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ ഈ ചിന്തകൾക്ക് പ്രത്യേക പ്രസക്തിയുണ്ട്. നമ്മളും ഒരു പീഡാസഹന ത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ, അതി നപ്പുറം ഉയിർപ്പുണ്ട് എന്ന വിശ്വാസം പ്രത്യാശയോടെ മുന്നേറാൻ നമ്മെ സഹായിക്കട്ടെ.

കഴിഞ്ഞ ഏതാനും മാസങ്ങളായി നമ്മുടെ അതിരൂപതയുടെ ഉടമ സ്ഥതയിലുള്ള ചില സ്ഥലങ്ങൾ വിറ്റതുമായി ഉടലെടുത്ത അസ്വസ്ഥ തകളുടെ പേരിൽ പ്രചരിക്കുന്ന വാർത്തകളും നടന്നുകൊണ്ടിരിക്കു ന്ന ചർച്ചകളും അതിരൂപതാംഗങ്ങളായ നമ്മളെ എല്ലാവരേയും ഏറെ വേദനിപ്പിച്ചു എന്നത് വസ്തുതയാണ്. ആത്യന്തികമായി ഇത് എറ ണാകുളം-അങ്കമാലി അതിരൂപതയുടെ ആഭ്യന്തര പ്രശ്നമാണെങ്കി ലും സീറോമലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പിന്റെ ആസ്ഥാന രൂപതയിൽ നടക്കുന്ന കാര്യങ്ങളായതുകൊണ്ട് സീറോമലബാർ സഭ മുഴുവനേയും അത് വേദനിപ്പിച്ചിട്ടുണ്ട്. അക്കാര്യം പല പിതാ ക്കന്മാരും വൈദികരും സന്ന്യസ്തരും അല്മായ സഹോദരങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയും എത്രയും വേഗം ബന്ധപ്പെട്ട വർ എല്ലാവരും ചേർന്ന് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം എന്ന്

അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി. സീറോമലബാർ മെത്രാൻ സിനഡിന്റെ ഇടപെടലും ഇക്കാര്യത്തിലുണ്ടായി എന്നതും ഏവർക്കും അറിവുള്ള കാര്യമാണ്.

മെത്രാന്മാർ എന്ന നിലയിൽ ഞങ്ങൾ കത്തോലിക്കാ സഭയിലെ മെത്രാൻ സംഘവുമായുള്ള കൂട്ടായ്മയിൽ ഒറ്റ ശരീരമായി പ്രവർത്തിക്കേണ്ടവരാകയാൽ ഞങ്ങളുടെ ഭാഗത്തു നിന്നുള്ള ഏതു കുറവും കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ കൂട്ടായ്മയേയും ബാധിക്കും. ഇക്കാരണത്താൽ നമ്മുടെ സഹോദരകത്തോലിക്കാ സഭകളിലേയും അഭിവന്ദ്യ പിതാക്കന്മാർ അവരുടെ ദുഃഖവും ആശങ്കയും പല സന്ദർഭങ്ങളിലായി ഞങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ഇതെല്ലാം കാണിക്കുന്നത് നമ്മുടെ ഈ പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കണ്ടെത്തിയില്ലെങ്കിൽ നമ്മുടെ അതിരൂപതക്ക് മാത്രമല്ല, സീറോ മലബാർസഭയ്ക്കും കേരളത്തിലെ കത്തോലിക്കാ സഭയ്ക്കു മുഴുവനും അപരിഹാര്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്നാണ്.

നമ്മുടെ ഈ പ്രശ്നത്തിന് എത്രയും വേഗം പരിഹാരം കണ്ടെത്താനും അതിരൂപതയിലും സഭയിലും സമാധാനവും ശാന്തിയും കൂട്ടായ്മയും പുനഃസ്ഥാപിക്കാനും ഞങ്ങൾ മൂന്നുപേരും ഒറ്റക്കെട്ടായി പ്രവർത്തിക്കും എന്ന് നിങ്ങൾക്ക് ഉറപ്പു തരുന്നു. അതോടൊപ്പം നിങ്ങളുടെ സഹകരണവും പ്രാർത്ഥനയും കൂട്ടായ്മയും ഞങ്ങളോടൊപ്പം ഉണ്ടാകണം എന്ന് വിനയത്തോടെ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇതുവരെയും നിങ്ങൾ ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സഹകരണത്തിനും നിങ്ങളുടെ പ്രാർത്ഥനകൾക്കും ഹൃദയപൂർവം നന്ദി പറയുകയും ഇനിയും അത് തുടരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും ഞങ്ങളുടെ നന്ദി പ്രത്യേകമായി അറിയിക്കുന്നു. പ്രിയപ്പെട്ട അച്ചന്മാരേ, നിങ്ങളുടെ സഹകരണം പ്രശ്നപരിഹാരത്തിന് എത്ര പ്രധാനമാണ് എന്ന് ഞങ്ങൾ പറയേണ്ടതില്ലല്ലോ. ഈ അതിരൂപത ഇന്നത്തെ നിലയിൽ എത്തിയത് നിങ്ങളുടെ നിസ്വാർത്ഥവും അക്ഷീണവുമായ പ്രവർത്തനവും സഹകരണവും ആത്മാർത്ഥതയും സ്നേഹവും കൊണ്ടാണ് എന്നത് നിസ്സംശയമാണ്. നിങ്ങളുടെ അവസരോചിതമായ ഇടപെടലുകൾ അതിരൂപതയുടെ സാമ്പത്തികഭദ്രതയും സാമ്പത്തികമേഖലയിലെ സുതാര്യതയും സംരക്ഷിക്കുന്നതിൽ നിർണ്ണായകമായ പങ്ക്

വഹിച്ചിട്ടുണ്ട്. അത് ഉറക്കെ പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അത് തുടർന്നും ഉണ്ടാകണം എന്നഭ്യർത്ഥിക്കുന്നു.

ഇപ്പോഴത്തെ ഈ പ്രശ്നം യാതൊരു തരത്തിലും സീറോമലബാർസഭയുടെ ആരാധനാക്രമം അഥവാ ലിറ്റർജിയുമായി ബന്ധമുള്ളതല്ല എന്ന് നമുക്ക് അറിയാം. എങ്കിലും, അത് അങ്ങനെയാണ് എന്നുള്ള പ്രചാരണങ്ങളും നടക്കുന്നുണ്ട്. അതൊന്നും നമ്മൾ വിശ്വസിക്കേണ്ടതില്ല. സഭയുടെ കൂട്ടായ്മ തകർക്കുന്ന അത്തരം പ്രചാരണങ്ങളിൽ നമ്മൾ വീഴരുത്.

എറണാകുളം-അങ്കമാലി അതിരൂപതയുടെ ശക്തിയും അനന്യതയുമായി എന്നും നിലകൊണ്ടിട്ടുള്ളത് ഇവിടുത്തെ മേലദ്ധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും തമ്മിലുള്ള കൂട്ടായ്മയാണ്. അത് തുടർന്നുപോകേണ്ടത് അതിരൂപതയുടെ വളർച്ചയ്ക്കും സഭയുടെ സാക്ഷ്യത്തിനും അത്യന്താപേക്ഷിതമാണ്. വിശ്വാസികളുടെ കൂട്ടായ്മയെ സംരക്ഷിച്ച മുൻപിതാക്കന്മാരെ പോലെ തന്നെ ഞങ്ങളും ഈ അതിരൂപതാ കൂട്ടായ്മയെ സ്നേഹിക്കുകയും ഞങ്ങളുടെ ഹൃദയത്തോട് ചേർത്തുവയ്ക്കുകയും ചെയ്യുന്നു.

ഏതൊരു സമൂഹത്തിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. വ്യത്യസ്ത ചിന്താഗതികളും അഭിപ്രായങ്ങളും ഇല്ലാതെ നല്ല തീരുമാനങ്ങളിൽ എത്താൻ സാധിക്കുകയില്ല എന്നതും വസ്തുതയാണ്. എന്നാൽ, വ്യത്യസ്ത ചിന്താഗതികളിൽ അസഹിഷ്ണുത പ്രകടിപ്പിക്കുമ്പോൾ അത് അനൈക്യത്തിലേക്കു നയിക്കും. അസഹിഷ്ണുത വിനാശകരമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏതൊരു കാര്യത്തിലുമെന്നപോലെ നമ്മുടെ അതിരൂപതയിൽ ഉടലെടുത്ത പ്രശ്നത്തിലും പരസ്പര ബഹുമാനത്തോടെയും യാഥാർത്ഥ്യബോധത്തോടെയും കൂട്ടായ പരിശ്രമം നടത്തുമ്പോൾ പ്രശ്നപരിഹാരം എളുപ്പമാകും. അതിനായി എല്ലാവരേയും ഞങ്ങൾ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ അതിരൂപതയിലെ ഇത്രയും കാലത്തെ അനുഭവത്തിൽ നിന്ന് ഞങ്ങൾ മെത്രാന്മാർ തിരിച്ചറിഞ്ഞ ഒരു പ്രധാന കാര്യം മേജർ ആർച്ച്ബിഷപ്പിന് തന്റെ ആസ്ഥാനരൂപതയിൽ ഒരു സാധാരണ രൂപതാ മെത്രാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ചെയ്യാനുള്ള സമയമോ സാവകാശമോ കിട്ടുകയില്ല എന്നതാണ്. കാരണം, സഭയുടെ പൊതുവായ കാര്യങ്ങൾക്ക് മേജർ ആർച്ച്ബിഷപ്പ് വളരെയധികം

സമയം ചെലവഴിക്കേണ്ടതുണ്ട്. നിങ്ങൾക്കറിയാവുന്നതുപോലെ മേജർ ആർച്ച്ബിഷപ്പ് തന്റെ സമയം എറണാകുളം-അങ്കമാലി അതിരൂപത ആസ്ഥാനത്തും കാക്കനാടുള്ള സീറോമലബാർസഭയുടെ കാര്യാലയത്തിലുമാണ് ചെലവഴിക്കുന്നത്. ഇപ്പോൾ ഏതാണ്ട് ലോകം മുഴുവൻ വ്യാപിച്ച് കിടക്കുന്ന നമ്മുടെ സഭാസംവിധാനങ്ങളുമായി മേജർ ആർച്ച്ബിഷപ്പ് നിരന്തരം ബന്ധപ്പെടേണ്ടതുണ്ട്. അതോടൊപ്പം പരിശുദ്ധസിംഹാസനത്തിന്റെ പല സമിതികളിലും അംഗമെന്ന നിലയിൽ റോമിലേക്കും യാത്ര ചെയ്യേണ്ടതുമുണ്ട്.

മറ്റൊരു പ്രധാന വസ്തുത എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തായെന്ന നിലയിൽ പറയുകയും ചെയ്യുകയും ചെയ്യുന്ന കാര്യങ്ങൾ പോലും മേജർ ആർച്ച്ബിഷപ്പിന്റേതായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത് എന്നതാണ്. എന്നുതന്നെയല്ല, നമ്മുടെ അതിരൂപതയുടെ ആഭ്യന്തര പ്രശ്നങ്ങൾ പോലും സീറോമലബാർസഭയുടെ പ്രശ്നങ്ങളായി അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഒരേ വ്യക്തിയിൽ സമ്മേളിച്ചിരിക്കുന്ന രണ്ട് തസ്തികകളെ പൊതുജനങ്ങൾ വേർതിരിച്ച് കാണുന്നില്ല എന്നതാണ് അതിന് കാരണം.

മേല്പ്പറഞ്ഞ കാര്യങ്ങളെല്ലാം പ്രശ്നപരിഹാരത്തിനുള്ള സീറോമലബാർ സിനഡു പിതാക്കന്മാരുടെ ചർച്ചകളിൽ പരിഗണിക്കപ്പെട്ടു. അതിന്റെയെല്ലാം പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപതയുടെ നന്മയ്ക്ക് ഉപകരിക്കും എന്ന വിശ്വാസത്തോടെ താഴെപ്പറയുന്ന കാനോനിക നടപടികൾ സ്വീകരിക്കുകയാണ്:

1) അതിരൂപതാ സഹായമെത്രാനും പ്രോട്ടോസിഞ്ചെല്ലൂസുമായ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അതിരൂപതാ സഹായമെത്രാനും സിഞ്ചെല്ലൂസുമായ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ സഹായസഹകരണത്തോടെ ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ അതിരൂപതയുടെ സാധാരണ ഭരണം നിർവഹിക്കും. അതിരൂപതയിലെ കാനോനിക സമിതികൾ വിളിച്ചുചേർക്കുക, അവയിൽ ആദ്ധ്യക്ഷ്യം വഹിക്കുക, തുടങ്ങിയവയെല്ലാം ഇനിമുതൽ അദ്ദേഹമായിരിക്കും ചെയ്യുന്നത്. മുമ്പ് അദ്ദേഹത്തിന് കൊടുത്തിട്ടുള്ള പ്രോട്ടോസിഞ്ചെല്ലൂസിന്റെ ഉത്തരവാദിത്വങ്ങളോടും ഈയടുത്ത കാലത്ത് അദ്ദേഹത്തിന് കൂടുതലായി കൊടുത്ത അധികാരങ്ങളോടും ചേർന്നാണ് ഈ

ഉത്തരവാദിത്വം നിർവഹിക്കപ്പെടേണ്ടത്. എങ്കിലും, പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളും ആർച്ച്ബിഷപ്പിന്റെ ആലോചനയോടെയായിരിക്കണം അദ്ദേഹം എടുക്കേണ്ടത്.

2) ഇടക്കിടെയും ആവശ്യപ്പെടുമ്പോഴും തന്റെ ദൗത്യനിർവഹണസംബന്ധമായ റിപ്പോർട്ട് അദ്ദേഹം ആർച്ച്ബിഷപ്പിന് ലഭ്യമാക്കണം.

3) അതിരൂപതയ്ക്ക് വസ്തുവില്പനയിലൂടെ വലിയ തുക നഷ്ടം വന്നു എന്ന വസ്തുത ആശങ്ക ഉണർത്തുന്നതാണ്. അതിരൂപതാ കച്ചേരിയുടെയും ആലോചനാ സമിതിയുടെയും ഫിനാൻസ് കൗൺസിലിന്റെയും, ഈയടുത്ത് നിയമിച്ച സാമ്പത്തിക പ്രശ്നകാര്യ കമ്മിറ്റിയുടെയും സഹകരണത്തോടെ അത് വ്യക്തമായി അന്വേഷിച്ച് ഉചിതമായ പരിഹാരം കണ്ടെത്താൻ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനെ ചുമതലപ്പെടുത്തുന്നു.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം പ്രാവർത്തികമാകണമെങ്കിൽ അതിന് അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കപ്പെടണം. സമാധാനപരമായ അന്തരീക്ഷത്തെ മലിനീകരിക്കുന്ന ഒരു പ്രധാന കാര്യം സോഷ്യൽ മീഡിയായിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയുള്ള അനൗദ്യോഗിക ഇടപെടലുകളാണ്. അത്തരത്തിലുള്ള ഒന്നും ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട എല്ലാവരും ഉറപ്പു വരുത്തണം എന്ന് ഞങ്ങൾ നിങ്ങളെ എല്ലാവരേയും സ്നേഹബുദ്ധ്യാ ഉപദേശിക്കുന്നു. അതിരൂപതയുടെ നിലപാടുകൾ തുടർന്നും അതിരൂപതയുടെ പി.ആർ.ഒ. വഴി അറിയിക്കുന്നതാണ്.

നമ്മുടെ അതിരൂപതയുടെ ആരംഭം മുതൽ അതിരൂപതയിലെ വൈദികരുടെ കൂട്ടായ്മ സത്യത്തിനും നീതിക്കും വേണ്ടി മാത്രമേ നിലപാട് എടുത്തിട്ടുള്ളൂ. *ഞാനാണ് വഴിയും സത്യവും ജീവനും* എന്നു പറഞ്ഞ യേശുനാഥന്റെ കാലടികളെ പിഞ്ചെല്ലുന്ന മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും അത് മാത്രമെ കരണീയമായിട്ടുള്ളു എന്നതാണ് സത്യം. ആ സത്യം നമ്മെ എല്ലാവരേയും വഴി നടത്തട്ടെ. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായിരിക്കുന്ന നമ്മുടെ അതിരൂപതയെ തിരുഹൃദയരക്തത്താൽ കഴുകി വിശുദ്ധീകരിക്കപ്പെടാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിച്ച് പ്രവർ

ത്തിക്കുകയും ചെയ്യാം. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി നമ്മുടെ അതിരൂപതയിൽ നോമ്പിന്റെ ആദ്യത്തെ വെള്ളിയാഴ്ച നമുക്ക് പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കാം. അന്നേ ദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യസ്തഭവനങ്ങളിലും ഒരു മണിക്കൂറെങ്കിലും ആരാധന നടത്തുകയും കഴിയുന്നവരെല്ലാം ഉപവസിച്ച് പ്രാർത്ഥിക്കുകയും ചെയ്യണം. കർത്താവിന് അസാദ്ധ്യമായി ഒന്നുമില്ലല്ലോ. നിങ്ങളെ എല്ലാവരേയും പരിശുദ്ധ അമ്മയുടേയും വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടേയും മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കുന്നു. അനുഗ്രഹപൂർണ്ണമായ നോമ്പുകാലം ആശംസിക്കുകയും ചെയ്യുന്നു.

എറണാകുളം-അങ്കമാലി അതിരൂപതാ ആസ്ഥാനത്തു നിന്നും 2018 ഫെബ്രുവരി മാസം എട്ടാം തീയതി നല്കപ്പെട്ടത്.



**ജോർജ് കാർഡിനൽ ആലഞ്ചേരി**
എറണാകുളം-അങ്കമാലി മെത്രാപ്പോലീത്താ



**ബിഷപ്പ് സെബാസ്റ്റ്യൻ എടയന്ത്രത്ത്**
പ്രോട്ടോസിഞ്ചെല്ലൂസ്



**ബിഷപ്പ് ജോസ് പുത്തൻവീട്ടിൽ**
സിഞ്ചെല്ലൂസ്

...........................................

**N.B.:** ഈ സർക്കുലർ **2018 ഫെബ്രുവരി 11 ഞായറാഴ്ച** എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ പള്ളികളിലും സമാനമായ രീതിയിൽ ശുശ്രൂഷകൾ നടത്തപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുന്നതിനായി നൽകിയത്.

*യുവജനസ്പന്ദനങ്ങൾ: ൦൩*

# യുവാക്കളേ, ഉന്മത്തരായി ഉന്നം തെറ്റരുത്!

രാജു ഒരു പ്രധാന ഇന്റർവ്യൂവിനുവേണ്ടി ഡൽഹിക്കു യാത്രയാവുകയാണ്. യാത്രയാക്കാൻ രാജുവിന്റെ രണ്ടു കൂട്ടുകാരും കൂടെ ചേർന്നു. റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ വണ്ടി വൈകുമെന്നുള്ള അറിയിപ്പുണ്ടായി. സമയം കത്തിക്കുവാൻ ഒരു രസത്തിനുവേണ്ടി അടുത്തുള്ള ബാറിൽ കയറി യാത്രയയപ്പ് ആഘോഷമാക്കി. ആഘോഷം പൊടിപൊടിക്കുന്നിടെ വണ്ടി എത്തിയെന്ന അറിയിപ്പു കേട്ടപ്പോൾ മൂന്നു പേരും ആഞ്ഞുപിടിച്ചു പ്ലാറ്റ്ഫോമിലേക്കു ഓടി. എത്തിയപ്പോൾ നീങ്ങിത്തുടങ്ങിയ വണ്ടിയിൽ രണ്ടുപേർ പാടുപ്പെട്ടു ചാടിക്കയറി. ഒരാൾക്കു കയറാൻ പറ്റാതെ വിഷമിച്ചു നിൽക്കുന്നതു കണ്ടപ്പോൾ ഒരാൾ ആശ്വസിപ്പിച്ചു പറഞ്ഞു: "ഏതായാലും രണ്ടു പേർക്കു കയറുവാൻ പറ്റിയല്ലോ. അതു ദൈവാനുഗ്രഹം." രാജു വിങ്ങിക്കൊണ്ടു പറഞ്ഞു: "സുഹൃത്തുക്കളായ അവർ രണ്ടുപേരും എന്നെ യാത്രയാക്കുവാൻ വേണ്ടി വന്നതാണ്. യഥാർത്ഥത്തിൽ എനിക്കാണു ഡൽഹിക്കു പോകേണ്ടത്. അവിടെ നടക്കുന്ന ഇന്റർവ്യൂവിനു പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ എന്റെ ജീവിതം തന്നെ തകർന്നുപോകും." യുവാക്കളേ, നമുക്ക് ഒരു ജീവിതമെയുള്ളു. ആ ജീവിതത്തിനു ഒരു ലക്ഷ്യം വേണം. ലക്ഷ്യബോധമാണു ജീവിതത്തെ പാകപ്പെടുത്തി പച്ചപിടിപ്പിക്കുന്നത്. ഉന്മത്തരാകുവാനുള്ള വലിയ പ്രലോഭനം യുവത്വത്തിൽ ഉണ്ടാകുമ്പോൾ, കൈവിട്ടു കളിച്ചു, ഉന്നം തെറ്റി ജീവിതം കയത്തിൽ വീണു തകർന്നു പോകാതിരിക്കാൻ ജാഗരൂകരായിരിക്കണം. വീണാലും വീണ്ടും ഉയർന്നെഴുന്നേൽക്കണം. ആരെയുടെയും ജീവിതം തല്ലി തകർക്കരുത് എന്നൊരപേക്ഷയുണ്ട്.

ഒന്നാമതായി, ഏതൊരു വിശുദ്ധനും വീണു പോകുന്ന കാലഘട്ടത്തിൽ, ഒരാളെ വീഴാതെ നിർത്തുന്നത് ഓർമകളാണ്. വളരെ മോശമായ സാഹചര്യമുള്ള കോളേജിൽ പഠിക്കുന്ന യുവാവിനോടു ചോദിച്ചു: "നീയെങ്ങനെ ഇവിടെ പിടിച്ചു നിൽക്കുന്നു?" അവൻ പറഞ്ഞു: "എന്റെ മുറിയിൽ നൊന്തുപെറ്റു വളർത്തിയ അമ്മയുടെയും, കഷ്ടപ്പെടുന്ന അപ്പന്റെയും, സ്നേഹമുള്ള അനുജന്റെയും അനുജത്തിയുടെയും രൂപങ്ങളുണ്ട്. ഉണർന്നിരിക്കുമ്പോഴൊക്കെ

അവരുടെ കഷ്ടപ്പാടും, സ്നേഹവും ഓർക്കുന്നതു കൊണ്ട്, ഞാൻ ലക്ഷ്യബോധത്തോടെ ജീവിക്കുന്നു." പലരുടെയും ഓർമകൾ ഉറങ്ങുന്നതുകൊണ്ടാണ് ജീവിതം ഇടയ്ക്കുവച്ചു തെന്നിവീണു തകരുന്നത്. ഫ്രാൻസിസ് മാർപാപ്പ ബംഗ്ലാദേശ് സന്ദർശിച്ചപ്പോൾ യുവജനങ്ങളോടു പറഞ്ഞു: "നിങ്ങൾ വഴിതെറ്റിയവരാകാതെ, വഴികാട്ടുന്നവരാകണം."

രണ്ടാമതായി, വീണവർക്കു കൈ കൊടുത്തു സഹായിക്കാൻ നമ്മൾ തയ്യാറാവണം. യഹോവയുടെ പ്രിയപ്പെട്ടവനായിരുന്നു ദാവീദ് രാജാവ്. ഒത്തിരിയേറെ സ്നേഹവും, സംരക്ഷണവും നൽകി അവനെ വളർത്തി. ഉന്മത്തനായപ്പോൾ, തമ്പുരാനെയും, തന്നെത്തന്നെയും മറന്ന് അവൻ തിന്മ ചെയ്തു ജീവിതം തകർത്തു. എന്നാൽ, തമ്പുരാനിൽ ആശ്രയിച്ചു, അനുതപിച്ചു, വീണ്ടും അനുഗ്രഹീതനായി. മാപ്പപേക്ഷിക്കുന്ന, മറക്കുന്ന, പൊറുക്കുന്ന നല്ല മനസുകളുണ്ടെങ്കിൽ, ചിന്നിചിതറിയ ഏതു പളുങ്കുപാത്രത്തെയും കൂട്ടിയോജിപ്പിക്കുവാൻ കഴിയും. അതിന്റെയൊക്കെ വലിയ ഉദാഹരണങ്ങളാണ് വി. അഗസ്റ്റിനും, വി. ഫ്രാൻസീസ് അസ്സീസിയുമെല്ലാം. ഏശയ്യാ പ്രവാചകൻ പറയുന്നു: "യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തകരുകയുമില്ല" (ഏശ. 40:30-31). ക്രിസ്തുമതം പ്രത്യാശയുടെ മതമാണ്, ക്രിസ്ത്യാനികൾ പ്രത്യാശയുടെ സാക്ഷികളായി ജീവിക്കണം.

മൂന്നാമതായി, ആരുടെയും ജീവിതം തകർത്തു കളയരുത്. ജീവിതയാത്രയിൽ മുന്നേറുമ്പോൾ, ജീവിതലക്ഷ്യം കൈവിട്ടുപോകാതെ കരുതലോടെ മുന്നേറേണ്ട കാലഘട്ടമാണിത്. സൂക്ഷിക്കുന്നില്ലെങ്കിൽ കുരുക്കിൽപെടുന്ന, കെണിയിൽ വീഴുന്ന, വീഴ്ത്തുന്ന ഏറെ സാഹചര്യങ്ങൾ നമുക്കു ചുറ്റുമുണ്ട്. ശത്രുക്കൾ ഇന്ന് ഒരു രാഷ്ട്രത്തെ നശിപ്പിക്കാൻ ഉപയോഗിക്കുന്നതു രാസായുധാക്രമണങ്ങളിലൂടെയല്ല. മറിച്ച്, രാഷ്ട്രത്തിന്റെ നട്ടെല്ലായ യുവതലമുറയെ മയക്കുമരുന്നിന് അടിമകളാക്കി തകർക്കുന്നതിലൂടെയാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുത്തി ചിലർ മനഃപൂർവം അനേകം ജീവിതങ്ങൾ തകർക്കുന്നുണ്ട്. വീഴാതെയും, വീണാലും തകരാതെയും, തകർക്കാതെയും യുവജനങ്ങളെ കൂടെ നിറുത്താൻ നമുക്കു പരിശ്രമിക്കാം, പ്രാർത്ഥിക്കാം.

**ജോസ് പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### MARCH 2018

| | | | |
|---|---|---|---|
| 3 | am | Calicut | Holy Mass - 30th Death Day of Bishop Maxwell Noronha |
| 4 | am | Edakkunnu | Catechism Zonal Convention |
| 5 | am | Archbishop' House | Newly appointed Vicars Meeting |
| 6 | pm | Mount St. Thomas, Kakkanad | Inauguration of the Training programme for Vocation Promotors |
| 9 | am | Mount St. Thomas, Kakkanad | Inauguration of Annual Meeting of Vocation Promotors |
| 10 | am | Pukkattupady | Mother Teresa Home - Holy Mass |
| 11 | am | Renewal centre | Catechism Zonal Convention |
| | pm | Kottamam | Platinum Jubilee of Forty Hours Adoration |
| 14 | am | Cherthala Zone | Ongoing formation (Pallippuram Forane Church) |
| 15 | am | Ernakulam Zone | Ongoing formaion (Basilica, Ekm.) |
| 16 | pm | Mount St. Thomas | L.R.C. Seminar Concluding Meeting |
| 17 | pm | Mount St. Thomas | Syro-Malabar Mission Fund Benefactors' Meet |
| 18 | pm | Vazhakkala | Holy Mass |
| 19 | am | Mallussery | Holy Mass - D.S.S. Convent |
| 20 | am | Angamaly zone | Ongoing formation (Subodhana, Angamaly) |
| 21 | am | Kanjoor zone | Ongoing formation (Kanjoor Forane Church) |
| 25 | | Basilica, Ekm. | Palm Sunday |
| 26 | | Basilica, Ekm. | Chrism Mass |

| | | |
|---|---|---|
| 29 | Basilica, Ekm. | Maundy Thursday |
| 30 | Kokkamangalam | Good Friday |

## APRIL 2018

| | | |
|---|---|---|
| 1 | Parur | Easter |



## Bishop Sebastian Adayanthrath

## MARCH 2018

| | | | |
|---|---|---|---|
| 1 | am | Pongam, Naipunnya College Day | |
| | pm | Renewal Centre | Teachers' Send-off |
| 2 | am | Bishop's House | Board Meeting - S.H. Study House |
| | pm | Bishop's House | Board Meeting - Renewal Centre |
| 3 | am | Renewal Centre | Seminar for Sisters |
| | pm | Renewal Centre | Liturgy Meeting |
| | | Chakkaraparambu | Blessing |
| 4 | am | Edakkunnu - Naipunnya | Catechism Zonal Convention |
| 5 | am | Bishop's House | Meeting |
| 7 | am | Bishop's House | Presbyteral Council |
| | pm | Bishop's House | Meeting |
| 11 | am | Parur | Catechism Zonal Convention |
| | pm | Kottamam | Jubilee Meeting Inauguration |
| 12 | am | Bishop's House | Board Meeting - Mar Louis |
| | pm | Bishop's House | Board Meeting - Niveditha |
| 13 | am | Bishop's House | Board Meeting - Corporate Education Agency |
| | pm | Bishop's House | Vaikom Welfare |
| 14 | | Cherthala Zone | Ongoing Formation (Pallippuram Forane Church) |
| 15 | | Ernakulam Zone | Ongoing Formation (Basilica, Ekm.) |

| | | | |
|---|---|---|---|
| 16 | am | Narakkal | Holy Mass & Adoration |
| | pm | Thammanam | Holy Mass & Flag Hoisting (Latin Church) |
| 17 | am | Renewal Centre | Pastoral Council |
| 18 | pm | Karayamparambu | Adoration Conclusion |
| 19 | am | Nadukani | Holy Mass |
| | pm | Manappuram | Holy Mass |
| 20 | | Angamaly Zone | Ongoing Formation (Subodhana, Angamaly) |
| 21 | | Kanjoor Zone | Ongoing Formation (Kanjoor Forane Church) |
| | pm | Thrikkakara | Teachers' Send-off & Governing Body Meeting |
| 22 | pm | Bishop's House | Board Meeting - Chittoor Retreat Centre |
| 23 | pm | Bishop's House | Board Meeting - Welfare Karukutty |
| | pm | Bishop's House | Board Meeting - Pongam Welfare |
| 25 | am | Kizhakkambalam | Palm Sunday |
| | pm | Ernakulam | Way of the Cross |
| 26 | am | Thrikkakara | S. H. Seminary - Diaconate |
| | am | Basilica, Ekm. | Chrism Mass |
| 29 | am | Kidangoor | Maundy Thursday |
| | pm | Aiswaryagram | Maundy Thursday, with Migrants |
| 30 | am | Basilica, Ekm. | Good Friday |

## APRIL 2018

| | | | |
|---|---|---|---|
| 1 | pm | N. Kuthiathode | Easter Sunday |
| 3 | am | Bishop's House | Board Meeting - Pieta Bhavan |
| | pm | Bishop's House | Board Meeting - Kolengai School |
| 5 | am | Bishop's House | Board Meeting - Mathanagar School |
| | pm | Bishop's House | Board Meeting - Viani |



## Bishop Jose Puthenveettil

## MARCH 2018

| | | | |
|---|---|---|---|
| 2 | am | Bishop's House | Board Meeting - S.H. Study House |
| | pm | Bishop's House | Board Meeting - Renewal Centre |
| 3 | pm | Renewal Centre | Seminar for Sisters |
| | | Renewal Centre | Liturgy Meeting |
| | | Chakkaraparambu | Blessing |
| 4 | am | Jeevalaya | Baby Shine |
| | pm | Edakkunnu | Catechism Zonal Convention |
| 5 | pm | Bishop's House | Meeting |
| | pm | Renewal Centre | Class |
| 6 | | Trivandrum | |
| 7 | am | Bishop's House | Presbyteral Council |
| | pm | Bishop's House | Meeting |
| 8 | am | Thrikkakara | S.H. Study House - Staff Meeting |
| 9 | pm | Elamkulam | Popular Mission - Message |
| | | Niveditha | A.K.C.C. Retreat |
| 10 | pm | Kanjoor Hospital | Lamp Lighting Ceremony |
| 11 | am | Kottamam | Holy Mass & Adoration |
| | am | Subodhana | Meeting |
| | pm | Edakkunnu, Naipunnya | Catechism Zonal Convention |
| 12 | am | Bishop's House | Board Meeting - Mar Louis |
| | pm | Bishop's House | Board Meeting - Niveditha |
| | | Renewal Centre | Class |
| 13 | am | Bishop's House | Board Meeting, Corporate Education Agency |
| | pm | Bishop's House | Vaikom Welfare |
| 14 | | Cherthala Zone | Ongoing Formation (Pallippuram Forane Church) |
| 15 | | Ernakulam Zone | Ongoing Formation (Basilica, Ekm) |
| 16 | am | Angamaly | Holy Mass & Adoration |

| | | | |
|---|---|---|---|
| 17 | am | Renewal Centre | Pastoral Council |
| 18 | pm | Narakkal | Adoration Conclusion |
| 19 | pm | Basilica, Ekm. | Holy Mass |
| 20 | | Angamaly Zone | Ongoing Formation (Subodhana, Angamaly) |
| 21 | | Kanjoor Zone | Ongoing Formation (Kanjoor Forane Church) |
| | pm | Thrikkakara | B.M.C. Governing Body |
| 22 | pm | Bishop's House | Board Meeting - Chittoor Retreat Centre |
| 23 | pm | Bishop's House | Board Meeting - Welfare Karukutty |
| | | Bishop's House | Board Meeting - Pongam Welfare |
| 25 | pm | Ernakulam | Way of the Cross |
| 26 | am | Basilica, Ekm. | Chrism Mass |
| | pm | Renewal Centre | Class |
| 29 | am | Jospuram | Maundy Thursday |
| | pm | Aluva (Sub Jail) | Maundy Thursday |
| 30 | am | Panthakkal | Good Friday |
| 31 | am | Aiswaryagram | Holy Mass with Migrants |

## APRIL 2018

| | | | |
|---|---|---|---|
| 1 | pm | Basilica, Ekm. | Easter Sunday |
| 2 | am | Kanjoor | Holy Mass |
| 3 | am | Bishop's House | Board Meeting - Pieta Bhavan |
| | pm | Bishop's House | Board Meeting - Kolengai School |
| 5 | am | Bishop's House | Board Meeting - Matha Nagar |
| | pm | Bishop's House | Board Meeting - Viani |
| 6 | am | P.O.C. | All India Singles' Meet |
| | pm | Kacherippady | Holy Mass (Latin Church) |
| 7 | pm | Kalady | Jeevalaya - Baby Shine |
| | | Chittoor | ABIDE |
| 9 | pm | S.H. Seminary | Vocation Camp |
| | | Renewal Centre | Class |
| 10 | am | Madackal | Holy Mass |

* * * * *

# അഭിവന്ദ്യ പടിയറ പിതാവിന്റെ 18–ാം ചരമവാർഷികം

(മാർച്ച് 23 വെള്ളി)



മാർച്ച് 23–ാം തീയതി വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദ്ദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 7–ാം ചരമവാർഷികം

(ഏപ്രിൽ 1 ഞായർ)



ഏപ്രിൽ 01-ാം തീയതി ഉയിർപ്പുഞായർ ആയതിനാൽ 2-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

# കച്ചേരിക്കാര്യം

C29/2018/1692

## DECREE

Greetings and Prayerful wishes to
**H. E. Mar Sebastian Adayanthrath**
Titular Bishop of Macriana Maggiore,
Auxiliary Bishop of Ernakulam-Angamaly,
Presently, Protosyncellus of the Archeparchy

Having taken into consideration the fact that my responsibility as Major Archbishop has increased many fold with the establishment of more Syro-Malabar eparchies in various parts of the world,

Having in mind the intention that the efficiency and effectiveness of the administrative and pastoral activities of the Syro-Malabar Church and of the Archeparchy of Ernakulam-Angamalay may not suffer, and,

Having heard the opinion of the bishops of the Syro Malabar Church and in particular of the Permanent Synod,

You are hereby given charge of administration of the Archeparchy of Ernakulam-Angamaly in ordinary circumstances (eg. Administration of the Curia; Convening of College of Consulters, Presbyterium, Presbyteral Council,

Pastoral Council, Finance Council, Commissions and Committees; countersigning transfer orders together with the Chancellor) as per norms of law, in cooperation and collaboration with Bishop Jose Puthenveettil, the Syncellus. Major decisions are to be taken in consultation with me.

You shall report to me about the administration periodically and as and when asked for it.

This canonical provision is in conjunction with your office as Protosyncellus and the additional responsibilities given by order no. C29/2018/1654 dated 23rd January 2018.

May Our Blessed Mother and St. Thomas, the Apostle and our Father in faith intercede for you.

Given from the Office of the Metropolitan Archbishop of Ernakulam-Angamaly on 10th February 2018.

George Cardinal Alencherry
Metropolitan Archbishop of Ernakulam-Angamaly

Fr. Jose Pollayil
Chancellor

# മൂറോൻ വെഞ്ചരിപ്പ്

## Renewal Day of the Priests

**2018 March 26, Monday**

| | | |
|---|---|---|
| Venue: | : | **St. Mary's Cathedral Basilica, Ekm.** |
| Time | : | 10.30 am to 1.00 pm |
| 10.30 am | : | Talk - Rev. Dr. Fr. Vincent Alappatt |
| 11.00 am | : | Confession |
| 11.30 am | : | Chrism Mass |
| 01.00 pm | : | Lunch |

വെഞ്ചരിച്ച മൂറോൻ തൈലം ഉച്ചഭക്ഷണത്തിനുശേഷം ലഭിക്കുന്നതാണ്.

## സ്വതന്ത്ര ഇടവകയായി ഉയർത്തി

തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ കുരിശുപള്ളിയായിരുന്ന **ഇരുമ്പനം ഇൻഫന്റ് ജീസസ്** പള്ളിയെ **BO/IRNM/3** നമ്പർ കല്പനയിലൂടെ **2018 ജനുവരി 07-ാം** തീയതി കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി. പ്രസ്തുത ദിവസം ആ പള്ളിയിൽ ഇതിനോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്കും വി. കുർബാനയ്ക്കും അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

ചാൻസലർ

# അനുമോദനങ്ങൾ!!!



സി.ബി.സി.ഐ. യുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കാരിത്താസ് ഇന്ത്യ യുടെ ദേശീയ എക്സിക്യൂട്ടീവ് ഡയറക്ട റായി നിയമിതനായ **ഫാ. പോൾ മൂഞ്ഞേലി** ക്ക് എറണാകുളം-അങ്കമാലി അതിരൂപത യുടെ അനുമോദനങ്ങൾ!!!



സീറോമലബാർ മാതൃവേദിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട **ഡോ. കെ. വി. റീത്താമ്മ**യ്ക്ക് എറണാകുളം-അങ്കമാലി അതിരൂപതയുടെ അനുമോദന ങ്ങൾ!!! തൃക്കാക്കര-എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഇടവകാംഗമാണ് ഡോ. കെ. വി. റീത്താമ്മ.

---

## പാസ്റ്ററൽ കൗൺസിൽ യോഗം

എണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം **2018 മാർച്ച് 17-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. എല്ലാ അംഗങ്ങളേയും സ്നേഹപൂർവം ക്ഷണിക്കുന്നു.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# College of Archeparchial Consultors
## (2018 - 2023)

1. Bishop Sebastian Adayanthrath
2. Bishop Jose Puthenveettil
3. Rev. Msgr. Antony Nariculam
4. Rev. Fr. Kodackal Berchmans
5. Rev. Fr. Sebastian Manickathan
6. Rev. Fr. Jose Pollayil
7. Rev. Fr. Kuriakose Mundadan
8. Rev. Fr. Alex Kattezhath
9. Rev. Fr. Lukose Kunnathoor
10. Rev. Fr. Joy Ainiyadan
11. Rev. Fr. Paul Kaithottungal
12. Rev. Fr. Jimmy Poochakatt

# Transfers/Appointments
## February 24, 2018

**Rev. Fathers**

| | |
|---|---|
| Ainiyadan John | Faridabad |
| Alukkal James | Chowara |
| Avallil Xavier | Kuttipuzha |
| Ayyampally Alex M.C.B.S. | Ambunad |
| Bharanikulangara Augustine | Kalamassery |
| Bharanikulangara Paul (Jino) | Kizhakkummury |
| Chakiath Joseph | Niveditha - Spiritual Director |
| Chathely Jose | Vengoor |
| Cherikathadam Jacob | Retired - N. Parur (Resident) |
| Cheruvallil Kuriakose | Angamaly (Resident) |
| Edassery Jose | Mookkannoor |
| Edassery Joseph (Ebey) | Neericode |
| Edassery Varghese (Baiju) | Choondy |
| Kachappilly Dominic | Panangad |
| Kachappilly Jacob (Vince) | Srampickal+Asst. Circulation Manager - Sathyadeepam (Addl.) |

| | |
|---|---|
| Kachappilly Paul | Chalil |
| Kaiprampatt Joseph (Jomon) | Thavalapara |
| Kaiprampatt Sebastian | Puthencruz |
| Kalapparambath Varghese | Chunangamvely B.M. School of Legal Studies - Executive Director (Addl.) |
| Kalappurackal Kuriakose | Kudavechoor (Resident) |
| Kalathil Antony (Diocese of Kohima) | Parappuram |
| Kallarackal Joseph (Joy) | Udayamperoor (New) |
| Kallookaran Antony (Tony) | Sanjo Nagar |
| Kanamkudam Geroge | Elavoor (Thazhe) |
| Kandathiparambil Kuriakose C.Ss.R. | Cherukadappuram |
| Kannatt Thomas | Vadayar |
| Karachira Jose | Thiruhrudayakunnu |
| Karachira Paul | Pattanakkad F.C.C. - Chaplain |
| Karathuruthil Paul | Vijo Bhavan |
| Karumathy Joseph | Narakkal |
| Kiriyanthan Joseph (Sijo) | Muppathadom |
| Kodiyan Davis S.A.C. | Kunnappillissery |
| Koikkara Peter (Shabu) | Rajagiri |
| Kolenchery Paul | Muringoor |
| Koluthuvellil Joseph | Archdiocesan Assistant Finance Officer (Relieved - Cable Nagar) |
| Koottunkal Sebastian | Njaralloor |
| Kottakkal Joseph | Priests' Home - Edakkunnu |
| Kozhikkadan Varghese | Kurumassery |
| Kurisunkal Kurian | Arakunnam |
| Madassery Sebastian | Vallakom |
| Madathumpady Antony | Meloor |
| Madavana Davis | Ernakulam - Basilica |
| Mampilly Varghese (Sabu) | Naduvattom |
| Manikathan Devassy | Kacheripady |
| Manikathan Sebastian | Archdiocesan Finance Officer |
| Meledath Paul (Jaison) | Kochi Naipunnya Public School - Manager |
| Mullanchira Tom | Kavil |
| Padannakkal Davis (Ajil) | Vyttila |
| Padayattil Peter (Sajo) | Naduthuruth |
| Painumkal Jose | Palluruthy |

| | |
|---|---|
| Painumkal Justine H.G.N. | Vilangu |
| Palatty Joseph (Sr.) | Yanam |
| Palatty Varghese (Sr.) | Kuthiathode New (Relieved - Archdiocesan Parish Audit Consultant) |
| Palatty Varghese (V) | Naipunnya School, Edakkunnu - Executive Director |
| Paliakkara Joseph (Jomon) | Antopuram |
| Pallickal Jacob | Besleham |
| Parackal Antony (Subin) | Ezhattumugham + Vettilapara |
| Parambathara Vincent | Amballoor |
| Parappuram Joseph | Thycattussery |
| Paravara Antony | Chempu |
| Punnakkal Sebastian (Rajan) | Subodhana - Director (March 31, 2018) |
| Punnakkal Varghese | Champannoor North |
| Punnassery Antony Msgr. | Retired - Lisie Hospital - Spiritual Director |
| Puthenmanayil Kuriakose | Chethicode |
| Puthenpura George | Medical Leave - Vijo Bhavan |
| Puthenpurakal Shajan | Thundathumkadavu (Addl.) |
| Puthiaparambil Antony | Asokapuram + BMC Commerce & Arts College, Choondy - Executive Director (Addl.) |
| Puthiyedath Jose | Aluva |
| Puthussery Joseph (K) | Office Secretary to the Cardinal |
| Puthussery Joseph (Sanu) | Achinakom |
| Puthuva Antony (Joshy) | University Centre + Continuing the studies |
| Pynadath Thomas | L.F. Hospital - Spiritual Director |
| Sankoorikal Joseph (Jomon) | Panavally |
| Thaiparambil Varghese (Assin) | Naipunnya Pongam - Asst. Executive Director (Cable Nagar - Addl.) |
| Thekken John | Kodussery |
| Thelakat Paul | Residence - Renewal Centre |
| Thelakkat Xavier (Sr.) | AICO - Director |
| Thottakkara Hormis | Annanad |
| Thottungal Sebastian | Pazhanganad Hospital - Spiritual Director |
| Vadakkumpadan Sebastian Msgr. | Retired - Priests' Home, Edakkunnu + Divine Bible College Muringoor (Relieved - Sevasram) |
| Valiakandathil Jiju M.S. | Ezhikkara |

**Relieved**

| | |
|---|---|
| Alappat Binoy C.M.F. | Relieved - Kizhakkummury |
| Kizhakkethazhe Francis M.S.F.S. | Relieved - Thavalapara |
| Maramparambil Joseph (Benny) | Relieved - BMC Commerce & Arts College, Choondy - Executive Director |
| Malpan Rocky (Suresh) | Relieved - Subodhana - Programme Co-ordinator |
| Moongamakal Thomas M.S.F.S. | Relieved - Srampickal |
| Panickaparambil Vincent C.M.I. | Relieved - Koratty (Resident Priest) |
| Parambukattu Sunny H.G.N. | Relieved - Puthencruz |
| Punnackal Nicholavus C.Ss.R. | Relieved - Panavally |
| Theckanath Sebastian | Relieved - Subodhana - Director (March 31, 2018) |

**Chancellor**

# Ongoing Formation - 2018

| | | |
|---|---|---|
| **മാർച്ച് 14 (ബുധൻ)** | - | **ചേർത്തല സോൺ (പള്ളിപ്പുറം ഫൊറോനാ പള്ളിയിൽ** - ചേർത്തല, പള്ളിപ്പുറം, വൈക്കം ഫൊറോനകൾ) |
| **മാർച്ച് 15 (വ്യാഴം)** | - | **എറണാകുളം സോൺ (എറണാകുളം ബസിലിക്കയിൽ** - എറണാകുളം, പറവൂർ, ഇടപ്പള്ളി, തൃപ്പൂണിത്തുറ, കിഴക്കമ്പലം ഫൊറോനകൾ) |
| **മാർച്ച് 20 (ചൊവ്വ)** | - | **അങ്കമാലി സോൺ (അങ്കമാലി സുബോധനയിൽ** - അങ്കമാലി, മൂഴിക്കുളം, കറുകുറ്റി, മൂക്കന്നൂർ, കൊരട്ടി ഫൊറോനകൾ) |
| **മാർച്ച് 21 (ബുധൻ)** | - | **കാഞ്ഞൂർ സോൺ (കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ** - കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം ഫൊറോനകൾ) |

## സാക്ഷ്യത്തിനായ്

- പൗരോഹിത്യ ജീവിതത്തിൽ ജീർണ്ണത ഉളവാക്കുന്നവയോട് ഈ നോമ്പ് കാലത്ത് നമുക്ക് വിട പറയാം. അലസത, ധിക്കാരപരമായ സംസാരം, ചോദ്യം ചെയ്യപ്പെടുമ്പോഴുള്ള മുൻകോപം മുതലായവ. നന്മകളെ മുറകെപിടിച്ച് നമുക്ക് മുന്നേറാം. നിങ്ങൾ പറയുന്ന സത്യം വളച്ചൊടിക്കുന്നത് സമചിത്തതയോടെ നോക്കി നിൽക്കാൻ പഠിക്കുമ്പോഴാണ് നാം ക്രിസ്തു ശിഷ്യരാകുക.

- സന്ന്യാസിനി സമൂഹങ്ങൾക്ക് പ്രായമേറിവരുന്നു. പല മഠങ്ങളിലേക്കും യുവതികളെ അയയ്ക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും അത് സാധിക്കാത്ത അവസ്ഥ. സന്ന്യാസിനികളെ വില മതിക്കുന്ന ഒരു സംസ്ക്കാരം രൂപപ്പെടുത്തുവാൻ നമുക്ക് പങ്കാളികളാകാം. ഇടവകയുടെ വിവിധങ്ങളായ ആവശ്യങ്ങളോട് വേണ്ട വിധം പ്രതികരിക്കുവാൻ സാധിക്കാത്ത അവസ്ഥ അവർക്കും വിഷമം ഉളവാക്കുന്നു.

- സുതാര്യതയുടെയും, ഉത്തരവാദിത്വബോധത്തിന്റെയും, സാമ്പത്തിക ചിട്ടയുടെയും ഭാഗമായി എല്ലാ ഇടവകകളിലും മാർച്ച് മാസത്തിൽ അടുത്ത വർഷത്തേക്കുള്ള സാമ്പത്തിക ബഡ്ജറ്റ് അവതരിപ്പിക്കുകയും, കാനോനിക സമിതികളിൽ പാസ്സാക്കിയെടുക്കുകയും ചെയ്യുന്നത് മാതൃകപരമായിരിക്കില്ലേ. അതനുസരിച്ച് മാത്രമേ പണം ചിലവഴിക്കുകയുള്ളുവെന്ന ചിട്ട പുലർത്തുകയും ചെയ്യുന്നത് സഭയുടെ വിശ്വാസ്യതക്ക് മാറ്റു കൂട്ടും.

**സെബാസ്റ്റ്യൻ പിതാവ്**

# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054
E-mail: nivedithaekm@gmail.com

## Programmes: 2018 March to April

1. A.K.C.C. Renewal Programme : March 09 – 11
2. Jesus Youth : March 09 – 11
3. Final Preparation : March 12 – 31
4. Retreat for Sisters : March 21 – 27

   നോമ്പുകാലത്ത് സിസ്റ്റേഴ്സിനായുള്ള ധ്യാനം 2018 മാർച്ച് 21-ാം തീയതി വൈകിട്ട് 06.00 മണി മുതൽ 27-ാം തീയതി ഉച്ചവരെ ഒരുക്കിയിരിക്കുന്നു. ധ്യാനം നയിക്കുന്നത് ബ. ജോർജ് തയ്യിൽ ഒ.സി.ഡി. അച്ചനാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. Rome Gathering : April 03 – 04
6. Retreat – D.C.P.B. Sisters : April 07 – 13
7. Spoken English : April 13 – May 02
8. Jubilee preparation : April 14 – 23
9. Catechism Department : April 18 – 20
10. Couples’ Retreat : April 20 – 22
11. Jesus Youth : April 25 – 29

**Fr. Varghese Pulickal**
**Director**

# വൊക്കേഷൻ പ്രൊമോഷൻ

## വൊക്കേഷൻ ക്യാമ്പ് 2018

നമ്മുടെ അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് ഇടവക വൈദികരാകാൻ ആഗ്രഹമുള്ള 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള മേജർ വൊക്കേഷൻ ക്യാമ്പ് ഇപ്രാവശ്യവും 2 ബാച്ചുകളിലായി നടത്തപ്പെടുകയാണ്. ദൈവവിളിയോട് ആഭിമുഖ്യമുള്ള, താല്പര്യമുള്ള കുട്ടികളെ ബഹു. വികാരിയച്ചന്മാർ ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ബാച്ച് 1 – 2018 ഏപ്രിൽ 8, 9, 10 (ഞായർ, തിങ്കൾ, ചൊവ്വ)**
സമയം : ഞായറാഴ്ച വൈകിട്ട് 4.00 മണി മുതൽ ചൊവ്വാഴ്ച വൈകിട്ട് 4.00 മണി വരെ
സ്ഥലം : അതിരൂപത മൈനർ സെമിനാരി, തൃക്കാക്കര

**ബാച്ച് 2 – 2018 ഏപ്രിൽ 21, 22, 23 (ശനി, ഞായർ, തിങ്കൾ)**
സമയം : ശനിയാഴ്ച വൈകിട്ട് 4.00 മണി മുതൽ തിങ്കളാഴ്ച വൈകിട്ട് 4.00 മണി വരെ
സ്ഥലം : അതിരൂപത മൈനർ സെമിനാരി, തൃക്കാക്കര

**ഫാ. മാത്യു (ഡെന്നി) കാട്ടയിൽ**
**വൊക്കേഷൻ പ്രൊമോട്ടർ (9446360758, 8848893492)**

# തിരുബാലസഖ്യം

2018 ഫെബ്രുവരി 10-ാം തീയതി നടത്തിയ തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ കുട്ടികളെ ഒരുക്കി പങ്കെടുപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും ഒത്തിരി നന്ദി. അതിരൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൃപ്പൂണിത്തുറ ഫൊറോനയ്ക്കും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ മൂക്കന്നൂർ ഫൊറോനയ്ക്കും അനുമോദനങ്ങൾ.

**ഫാ. മാത്യു (ഡെന്നി) കാട്ടയിൽ**
**ഡയറക്ടർ**



# നിര്യാതരായി



## ഫാ. പോൾ മണവാളൻ

**ജനനം 09/10/1935**
**തിരുപ്പട്ടം 10/03/1963**
**മരണം 02/02/2018**

ബഹുമാനപ്പെട്ട പോൾ മണവാളനച്ചൻ 1935 ഒക്ടോബർ 9-ാം തീയതി എളവൂർ മണവാളൻ മാത്യു-മറിയം ദമ്പതികളുടെ ഒൻപതു മക്കളിൽ രണ്ടാമനായിജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവയിലെ കാർമ്മൽഗിരി-മംഗലപ്പുഴ മേജർ സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1963 മാർച്ച് 10-ാം തീയതി അഭിവന്ദ്യ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ നോർത്ത് പറവൂർ-കോട്ടക്കാവ്, അങ്കമാലി എന്നീ ഫൊറോനകളിൽ സഹവികാരിയായും തുടർന്ന് ചേരാനല്ലൂർ വെസ്റ്റ്, തൃക്കാക്കര-കാർഡിനൽ നഗർ, കാക്കനാട്, ചങ്ങമ്പുഴ നഗർ, എൻ.ജി.ഒ. ക്വാർട്ടേഴ്സ്, ചെങ്ങമനാട്, മംഗലപ്പുഴ എന്നീ ഇടവകകളിൽ വികാരിയായും അച്ചൻ സ്തുത്യർഹമായ സേവനം ചെയ്തു. തൃക്കാക്കര ഭാരതമാതാ കോളേജ്, ആലുവ കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികൾ, ദേശം റൊഗാത്തേ ആശ്രമം എന്നിവിടങ്ങളിൽ പ്രൊഫസറായും വൈക്കം സെന്റ് സേവ്യേഴ്സ് കോളേജ് പ്രിൻസിപ്പലായും ദീർഘനാൾ അച്ചൻ സേവനം ചെയ്തിട്ടുണ്ട്. കൂടാതെ, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി, എറണാകുളം ലിസ്സി ആശുപത്രി, ചുണങ്ങംവേലി നിവേദിത, എറണാകുളം സെന്റ് വിൻസന്റ് ഡി പോൾ സെൻട്രൽ കൗൺസിൽ എന്നിവിടങ്ങളിൽ സ്പിരിചൽ ഡയറക്ടറായും അച്ചൻ സേവനം ചെയ്തു. 2017 മുതൽ എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമ ജീവിതം നയിച്ച് വരികയായിരുന്നു. നീണ്ട 55 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം 2018 ഫെബ്രുവരി 2-ാം തീയതി, വെള്ളിയാഴ്ച രാത്രി 9.00-ന് അങ്കമാലി എൽ.എഫ്. ആശുപത്രിയിൽവച്ച്, 83-ാം വയസ്സിൽ ഹൃദയാഘാതം മൂലം, ഈ ലോകത്തോട് യാത്ര പറഞ്ഞു.

അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന അച്ചന്റെ മൃതദേഹം 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് എടക്കുന്ന് വൈദികമന്ദിരത്തിലേക്കു കൊണ്ടുപോയി. നിരവധി വൈദികരും, വിശ്വാസികളും അച്ചന് അന്തിമോപചാരം അർപ്പിക്കുവാൻ അവിടെ എത്തിയിരുന്നു. മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗം കറുകുറ്റി ഫൊറോനാ പള്ളി വികാരി ബ. പോൾ തേനായൻ അച്ചൻ നടത്തി. 4.45-ന് മണവാളൻ അച്ചന്റെ മൃതദേഹം വീട്ടിലേക്കു കൊണ്ടുപോയി. 5-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് അച്ചന്റെ മൃതദേഹം ഇടവകപള്ളിയായ എളവൂർ സെന്റ് ആന്റണീസ് ദേവാലയത്തിലേക്ക് കൊണ്ടുപോയി. വളരെയേറെ വൈദികരും, സിസ്റ്റേഴ്സും അച്ചൻ സേവനം ചെയ്ത ഇടവകകളിൽനിന്നുള്ളവരും മറ്റ് അല്മായ സഹോദരങ്ങളും അച്ചന് അന്തിമയാത്രാ മംഗളമേകാൻ അവിടെ എത്തിയിരുന്നു.

ബ. പോൾ മണവാളൻ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവും, മാർ ജോസ് പുത്തൻവീട്ടിൽ പിതാവും സി.ബി.സി.ഐ. യുടെ പ്ലീനറി മീറ്റിംഗിൽ സംബന്ധിക്കുന്നതിന് ബാംഗ്ലൂരിൽ ആയതിനാൽ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. മാർ തോമസ് ചക്യത്ത്, മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ, മോൺ. ആന്റണി നരികുളം, മണവാളനച്ചന്റെ സഹപാഠിയായ ഫാ. അബ്രാഹം പൂച്ചക്കാട്ട്, ഫാ. മാത്യു മണവാളൻ, ഫാ. ജോണി മണവാളൻ സി.എം.ഐ. (മദ്ബഹയിൽ) എന്നിവരും വളരെയേറെ വൈദികരും സഹകാർമ്മികരായിരുന്നു. തുടർന്ന്, തന്റെ മൃതസംസ്കാര വേളയിൽ ചൊല്ലുന്നതിനായി ബ. പോൾ മണവാളൻ അച്ചൻതന്നെ എഴുതിയ 'വിടവാങ്ങൽ പ്രാർത്ഥന' ബ. മാത്യു മണവാളനച്ചൻ ചൊല്ലി. വിശുദ്ധഗ്രന്ഥ പാരായണത്തിനുശേഷം ഫാ. ജോണി മണവാളൻ തുറന്നുപിടിച്ച സുവിശേഷഗ്രന്ഥം പോൾ മണവാളൻ അച്ചനെ മുത്തിച്ചു. മണവാളൻ അച്ചനോടൊപ്പം ആലുവ മംഗലപ്പുഴ സെമിനാരിയിലും, ചുണങ്ങംവേലി നിവേദിതയിലും ഏറെ വർഷക്കാലം സഹപ്രവർത്തകനായിരുന്ന മോൺ. ആന്റണി നരികുളമാണ് തിരുവചന സന്ദേശം നൽകിയത്. പൗരോഹിത്യത്തേയും, പൗരോഹിത്യ ജീവിതത്തേയും ഏറെ സ്നേഹിച്ച ഒരു വൈദികനായിരുന്നു ബ. പോൾ മണവാളനച്ചൻ. ദൈനംദിന ബലിയർപ്പണവും പൗരോഹിത്യ കൂട്ടായ്മയും ഹൃദയത്തിൽ സൂക്ഷിച്ച് ഒരു 'പൗരോഹിത്യ സംസ്കാരം' സ്വന്തം ജീവിതത്തിൽ വാർത്തെടുക്കുവാൻ അദ്ദേഹം പരിശ്രമിക്കുക മാത്രമല്ല,

സഹവൈദികരിലേക്കും അത് പകർന്നുകൊടുക്കുവാൻ ഉത്സാഹിക്കുകയും ചെയ്തിരുന്നു. വൈദികവിദ്യാർത്ഥികളോടുള്ള പ്രഭാഷണങ്ങളിൽ ഈ മാതൃക പിൻതുടരുവാൻ അച്ചൻ തുടരെത്തുടരെ പ്രബോധിപ്പിച്ചിരുന്നു. വൈദികർ വൈദികശൈലിയിൽനിന്ന് വ്യതിചലിക്കുന്നത് കാണുമ്പോൾ മണവാളനച്ചന്റെ വൈദികഹൃദയം ദുഃഖിക്കുമായിരുന്നു. വളരെയേറെ മാനുഷിക ഗുണങ്ങൾ ഉണ്ടായിരുന്ന ഒരു വ്യക്തി കൂടി ആയിരുന്നു മണവാളനച്ചൻ. അതിഥികളെ സൽക്കരിക്കുന്നതിലും, രോഗികളോട് അനുകമ്പ കാണിക്കുന്നതിലും, ദരിദ്രരെ സഹായിക്കുന്നതിലും അച്ചൻ വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നു. തന്റെ സമ്പാദ്യത്തിൽനിന്നും വൈദികവിദ്യാർത്ഥികൾക്കും, ദരിദ്രർക്കും ഉദാരമായി നൽകുവാൻ ഉത്സാഹിയായിരുന്നു മണവാളനച്ചൻ. കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, കുടുംബാംഗങ്ങളോട് ഒരു പുരോഹിതനടുത്ത സ്നേഹവും ഉണ്ടായിരുന്ന ഒരു വൈദികനായിരുന്നു ബ. പോൾ മണവാളനച്ചനെന്ന കാര്യം മോൺ. ആന്റണി നരികുളം പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. ബ. പോൾ മണവാളനച്ചൻ തന്നെ എഴുതിയ 'അന്തിമാഭിവാദനം' മൃതസംസ്കാര ശുശ്രൂഷയുടെ ദേവാലയത്തിൽ നടത്തപ്പെട്ട സമാപനഭാഗത്ത് മോൺ. സെബാസ്റ്റ്യൻ വടക്കുംപാടൻ വായിച്ചു.

ബ. പോൾ മണവാളനച്ചൻ അറിയപ്പെടുന്ന ഒരു വാഗ്മിയും ഗ്രന്ഥകാരനുമായിരുന്നു. 1980–85 കാലയളവിൽ ദീപിക ദിനപത്രത്തിന്റെ വാരാന്തപതിപ്പിൽ 'ഇന്നത്തെ ചിന്താവിഷയം' എഴുതുമായിരുന്നു. അറിയപ്പെടുന്ന ഒരു റേഡിയോ പ്രഭാഷകനുമായിരുന്നു മണവാളനച്ചൻ. നിരവധി ഗ്രന്ഥങ്ങൾ അച്ചന്റെ തൂലികയിൽ വിരചിതമായിട്ടുണ്ട്. 'നിനക്ക് എന്റെ കൃപ മതി', 'നമുക്ക് പ്രാർത്ഥിക്കാം' (ബൈബിൾ പ്രാർത്ഥനകൾ), 'അനശ്വര ചിന്തകൾ', 'ചിന്താശലഭങ്ങൾ', 'ചിറകുള്ള ചിന്തകൾ', 'ഭാരതസംസ്കാരവും മതസൗഹാർദവും', 'വീട്ടുവിശേഷങ്ങൾ', 'വിശുദ്ധന്മാരുടെ പാദമുദ്രകളിലൂടെ', 'ലൂക്കാസുവിശേഷം (ധ്യാനവും വ്യാഖ്യാനവും)' തുടങ്ങിയവ മണവാളനച്ചന്റെ പ്രശസ്ത പുസ്തകങ്ങളാണ്. 'എന്റെ പൊങ്ങച്ചങ്ങൾ' എന്ന ഒരു പുസ്തകം എഴുതി പൂർത്തിയാക്കി പ്രസ്സിൽ കൊടുത്തശേഷം അതിന്റെ ഫൈനൽ ഡ്രാഫ്റ്റ് തിരുത്തി അച്ചടിക്കുവേണ്ടി കാത്തിരിക്കവെയാണ് അച്ചൻ ഈ ലോകത്തോട് യാത്ര പറഞ്ഞത്. ജീവസ്സുറ്റ ബൈബിൾ കഥകളിലൂടെയും, ക്ലാസ്സുകളിലൂടെയും അനേകരെ ആത്മീയതയുടെ തലത്തിൽ വളർത്തുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. മണവാളനച്ചന്റെ ബൈബിൾ പ്രഭാഷണങ്ങൾ വളരെ ശക്തവും ഏവർക്കും ഏറെ ആകർഷകവുമായിരുന്നു. ലളിതമായ ഭാഷയിൽ ദൈവ

വചനത്തിന്റെ ആഴങ്ങളിലേക്ക് ശ്രോതാക്കളുടെ മനസ്സുകളെ കൊണ്ടു പോകാൻ അച്ചന് സാധിച്ചിരുന്നു. ആലുവ മംഗലപ്പുഴ സെമിനാരിയിൽ മലയാളം പ്രൊഫസറായി അനേകവർഷക്കാലം അച്ചൻ സേവനം ചെയ്തു. ഒരു ഭാഷാദ്ധ്യാപകൻ എന്ന നിലയിൽ തന്റെ അറിവ് ശിഷ്യഗണങ്ങൾക്ക് പകർന്നുകൊടുത്ത് അവരെ മാതൃഭാഷയിൽ നിപുണരാക്കുവാൻ സാധിച്ചു എന്നതിനേക്കാളുപരി, തന്റെ ശിഷ്യഗണങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ച് തന്റെ നല്ല ജീവിതമാതൃക വഴി അനേകം ഉത്തമപുരോഹിതരെ വാർത്തെടുക്കുവാൻ അച്ചന് സാധിച്ചു.

കർമ്മയോഗിയായിരുന്ന ഈ വന്ദ്യ വൈദികൻ തന്റെ പ്രവർത്തനരംഗങ്ങളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ബ. പോൾ മണവാളൻ അച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് തക്ക പ്രതിഫലം നൽകുവാൻ, നീതിമാൻമാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് അച്ചനെ ദൈവം വിളിച്ചിരിക്കുകയാണ്. ദൈവത്തോടു കൂടിയായിരിക്കുന്ന പോൾ അച്ചൻ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുമെന്ന് പ്രത്യാശിക്കാം. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് അച്ചനിലൂടെ ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്കും നന്മകൾക്കും അനന്തകാരുണ്യവാനായ ദൈവത്തോട് നമുക്ക് നന്ദി പറയാം. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും ദൈവം സമാശ്വസിപ്പിക്കട്ടെ. 55 വർഷക്കാലത്തെ പൗരോഹിത്യജീവിതം വിശ്വസ്തതാപൂർവ്വം ഓടി പൂർത്തിയാക്കി, നമുക്ക് മാതൃകയായിത്തീർന്ന ബ. പോൾ മണവാളൻ അച്ചന്റെ നന്മകളും ഗുണങ്ങളും നമ്മുടെ ജീവിതത്തിൽ തുടർന്നുകൊണ്ട് അച്ചന്റെ ഓർമ്മ നമുക്ക് നിലനിർത്താം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകുന്നുവെങ്കിലും പൗരോഹിത്യ ശുശ്രൂഷയിൽ നമുക്ക് മാതൃകയായ ബ. പോൾ മണവാളൻ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■

## സി. ഡൊമിനിക് C.S.C.



എൽ.എഫ്. കോൺവെന്റ്, അങ്കമാലി.

| | |
|---|---|
| ജനനം | : 29/02/1940 |
| വ്രതവാഗ്ദാനം | : 16/05/1966 |
| മരണം | : **20/02/2018** |

# മലയാറ്റൂർ തീർത്ഥാടനം 2018

എല്ലാ വർഷവും കുടുംബ കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടത്താറുള്ള മലയാറ്റൂർ തീർത്ഥാടനം ഈ വർഷം **മാർച്ച് 4, 11, 18** തീയതികളിലെ ഞായറാഴ്ചകളിലാണ് ക്രമീകരിച്ചിരിക്കുന്നത്. വിവിധ ഫൊറോനകൾക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽതന്നെ തീർത്ഥാടനം നടത്തുവാനുള്ള ക്രമീകരണങ്ങൾ ഇടവകളിൽ ചെയ്യുന്നതിനു ബഹു. വികാരിയച്ചൻമാരും, കുടുംബകൂട്ടായ്മ ഭാരവാഹികളും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസം **വൈകുന്നേരം 4.00 മണിക്ക്** തീർത്ഥാടകർ മലയടിവാരത്ത് എത്തിച്ചേരേണ്ടതാണ്. വിവിധ ഫൊറോനകൾക്കു നിശ്ചയിച്ചിരിക്കുന്ന തിയതികൾ താഴെ ചേർക്കുന്നു.

**2018 മാർച്ച് 4 – ഇടപ്പള്ളി, കാഞ്ഞൂർ, കൊരട്ടി, മൂക്കന്നൂർ, വൈക്കം**
**2018 മാർച്ച് 11 – അങ്കമാലി, ചേർത്തല, പറവൂർ, മൂഴിക്കുളം, വല്ലം**
**2018 മാർച്ച് 18 – എറണാകുളം, കറുകുറ്റി, കിഴക്കമ്പലം, മഞ്ഞപ്ര, പള്ളിപ്പുറം, തൃപ്പൂണിത്തുറ**

ഓരോ ഫൊറോനയിലും **കോ-ഓർഡിനേറ്റർ**മാരായി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട അച്ചൻമാരുടെ പേരുവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| Angamaly | Fr. Dino Manickathan | 8606293261 |
| Cherthala | Fr. Sifil Parecattil | 8547358062 |
| Edappally | Fr. Joseph Padinjarepallattil | 9847259514 |
| Ernakulam | Fr. Darvin Edassery | 7025228662 |
| Kanjoor | Fr. Kuriakose Bharanikulangara | 9847101037 |
| Karukutty | Fr. Abin Chirackal | 9745992024 |
| Kizhakkambalam | Fr. Jijo Chenginiyadan | 9400436864 |
| Koratty | Fr. Anil Kiliyelikkudy | 9809070974 |
| Manjapra | Fr. Alex Mekkamthuruthil Alex | 9495491987 |
| Mookkannoor | Fr. Abin Kalapurackal | 9645739779 |
| Moozhikulam | Fr. Johnson Vadakkumchery | 9946845951 |
| Pallippuram | Fr. Sanjo Kannambilly | 8078154524 |
| Parur-Kottakavu | Fr. Jessab Enchakattumannil | 9847283355 |
| Thripunithura | Fr. Ajil Padannackal | 8893242461 |
| Vaikom | Fr. Martin Kachirackal | 8943953420 |
| Vallam | Fr. Ancil Maippan | 9496095706 |

**ഫാ. ജോർജ് കളപ്പുരയ്ക്കൽ**
**ഡയറക്ടർ, ഫാമിലി യൂണിറ്റ്സ്**

# Sisters of St. Joseph of 'Saint- Marc' (S.J.S.M.)

## Sanjo Province, Vengoor, Angamaly

| | | |
|---|---|---|
| Provincial Superior | : | Sr. Celine Varghese SJSM |
| Assistant Provincial Superior | : | Sr. Alice Kolenchery SJSM |
| Councilors | : | Sr. Lilly Rose SJSM |
| | | Sr. Kochurani Mullanchira SJSM |
| | | Sr. Rosy Varghese SJSM |
| Secretary | : | Sr. Reji Thomas SJSM |
| Procurator | : | Sr. Jayanthry Malpan SJSM |

* * * * * * * * *

# Sisters of the Destitute (S.D.)

## St. Mary's Provincial House, Chunangamvely

| | | |
|---|---|---|
| Provincial Superior | : | Sr. Reesa Parakkal SD |
| Vicar Provincial, Mission & Evangelization Councillor | : | Sr. Vandana Kalapparambath SD |
| Medical Councillor | : | Sr. Serena Akkutt SD |
| Education Councillor | : | Sr. Hitha Koikkara SD |
| Social Apostolate | : | Sr. Sumam Payyappilly SD |
| Finance Councillor | : | Sr. JancittaThanippilly SD |
| Provincial Auditor | : | Sr. Karunya Mangaly SD |

* * * * * * * * *

# Congregation Of Holy Family (C.H.F.)

## CHF Jeevodaya Province Aluva

| | | |
|---|---|---|
| Provincial Superior | : | Sr. Elsy Xavier CHF |
| Vicar Provincial | : | Sr. Clerisa CHF |
| Councillors | : | Sr. Rose Mary CHF |
| | : | Sr. Alphonse Anto CHF |
| | : | Sr. Rani Manjaly CHF |
| Auditor | : | Sr. Philo Davis CHF |
| Treasurer | : | Sr. Riya Jose CHF |
| Secretary | : | Sr. Jasmine Jees CHF |

പുതിയ സാരഥികൾക്ക് അനുമോദനങ്ങളും,
പ്രാർത്ഥനാശംകളും!!!

# വാർത്തകളും വിശേഷങ്ങളും

## "വിവേചനാബുദ്ധിയോടും ധൈര്യത്തോടുംകൂടി ഭയത്തെ അഭിമുഖീകരിക്കുക" - യുജനങ്ങളോട് ഫ്രാൻസിസ് മാർപാപ്പ

ലോകമെമ്പാടുമുള്ള യുവജനങ്ങൾക്ക് 2018 ഫെബ്രുവരി 22-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയ സന്ദേശത്തിലാണ് യുവജനങ്ങളുടെ ജീവിതത്തിലെ ഭയങ്ങളെ വിവേചനാബുദ്ധിയോടും, ധൈര്യത്തോടുംകൂടി അഭിമുഖീകരിക്കണമെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചത്. മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നില്ല; അംഗീകരിക്കപ്പെടുന്നില്ല എന്ന ചിന്തയിൽനിന്നും ഉയരുന്ന ഭയവും ആത്മവിശ്വാസകുറവുമാണ് ഇന്ന് മിക്ക യുവജനങ്ങൾക്കുമുള്ളത്. ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ച് ഭയം അവസാനവാക്കല്ല; മറിച്ച് ദൈവത്തിൽ വിശ്വാസമർപ്പിക്കാനുള്ള ഒരു അവസരമാണ്. കർത്താവ് അരുൾ ചെയ്യുന്നു: "ഭയപ്പെടേണ്ട." വിശുദ്ധ ഗ്രന്ഥത്തിൽ ഈ വാക്ക് 365 പ്രാവശ്യം വ്യത്യസ്ത രീതിയിൽ ആവർത്തിച്ചു കാണുന്നുണ്ട്. വർഷത്തിലെ ഓരോ ദിവസവും ഭയത്തിൽനിന്ന് സ്വതന്ത്രമായി നമ്മൾ ജീവിക്കണമെന്നാണ് കർത്താവ് ഇതുവഴി ആഗ്രഹിക്കുന്നതെന്ന് മാർപാപ്പ വ്യക്തമാക്കി. നമ്മൾ ഭയപ്പെടേണ്ട ആവശ്യമില്ല എന്നതിന് മുഖ്യകാരണമായ് മാർപാപ്പ ചൂണ്ടിക്കാട്ടുന്നത് നമ്മെ എല്ലാവരേയും ദൈവം പേരുചൊല്ലി വിളിച്ചിരിക്കുന്നു എന്നതാണ്.

## "യേശുവിന്റെ രൂപാന്തരീകരണം അവിടുത്തെ പീഡാസഹനത്തിന്റെ മുന്നോടി" - ഫ്രാൻസിസ് മാർപാപ്പ

2018 ഫെബ്രുവരി 25-ാം തീയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ത്രികാലപ്രാർത്ഥനയോടനുബന്ധിച്ച് യേശുവിന്റെ രൂപാന്തരീകരണത്തെക്കുറിച്ചുള്ള സുവിശേഷ ഭാഗത്തെകുറിച്ചാണ് ഫ്രാൻസിസ് മാർപാപ്പ വിചിന്തനം നടത്തിയത്. രൂപാന്തരീകരണത്തിന് ആറ് ദിവസം മുൻപ് തന്റെ ശിഷ്യന്മാരോട് ജറുസലേമിൽ താൻ സഹിക്കാൻ പോകുന്ന പീഡാസഹനത്തേയും മരണത്തേയും കുറിച്ച് യേശു മുന്നറിയിപ്പ് നൽകുന്നുണ്ട്. ഈ സംഭവത്തിന് യേശുവിന്റെ രൂപാന്തരീകരണവുമായി ബന്ധമുണ്ട്. തന്റെ പീഡാസഹനത്തിന് മുൻപ് ശിഷ്യന്മാരായ പത്രോസിനേയും, യാക്കോബിനേയും, യോഹന്നാനേയും യേശു താബോർ മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി തന്റെ മഹത്വം രൂപാന്തരീകരണത്തിലൂടെ വെളിപ്പെടുത്തിയത് യേശുവിന്റെ പീഡാസഹനത്തെ ഭയപ്പെടാതെ, മനസ്സ് പതറാതെ ധീരതയോടെ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയായിരുന്നുവെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു.

# വിശ്വാസപരിശീലന കേന്ദ്രം

## 1) സ്നേഹോത്സവം 2018 (ഇന്റൻസീവ് കോഴ്സ്)

ഈ വർഷത്തെ സ്നേഹോത്സവം (ഇന്റൻസീവ് കോഴ്സ്) ഏപ്രിൽ 03 മുതൽ 08-ാം തീയതി വരെയാണ് നമ്മൾ നടത്തുന്നത്. ഈ വർഷം നമ്മൾ തെരഞ്ഞെടുത്തിരിക്കുന്ന വിഷയം "വിശ്വസിക്കുന്നതിലെ സന്തോഷം" ("The Joy of Believing") – യേശുവിനോടൊപ്പം, ജീവനിലേക്ക് - എന്നതാണ്. വി. ലൂക്കായുടെ സുവിശേഷത്തിലെ (24.13-35) എമ്മാവൂസ് സംഭവമാണ് അടിസ്ഥാനമാക്കിയിരിക്കുന്നത്. മ്ലാനവദന രായി നടന്നു പോകുന്ന രണ്ടു വ്യക്തികൾ യേശുവിനോടൊപ്പം അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുക്കുകയും യേശുവിനെ തിരിച്ചറിയുക യും ചെയ്തപ്പോൾ യേശു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസം ജ്വലി ക്കുന്ന ഹൃദയത്തോടെ സന്തോഷപൂർവം മറ്റുള്ളവരുമായി പങ്കുവയ്ക്കു ന്നു. കുട്ടികളിൽ ജീവിതത്തോട് സ്നേഹം ഉണർത്തുവാനും ജീവിക്കുന്ന തിൽ തന്നെ ഒരു സന്തോഷമുണ്ടെന്ന അവബോധം വളർത്തുവാനുമാണ് കഴിഞ്ഞ വർഷത്തെ സ്നേഹോത്സവത്തിലൂടെ നാം ശ്രമിച്ചത്. ജീവന്റെയും സന്തോഷത്തിന്റെയും ഉറവിടമായ ക്രിസ്തുവിലുള്ള വിശ്വാസംതന്നെ സന്തോഷം നൽകുന്നതാണെന്ന ബോധ്യമാണ് ഈ വർഷം നമ്മൾ പകർന്നുകൊടുക്കാൻ ശ്രദ്ധിക്കേണ്ടത്. വിശ്വാസം ജീവിതത്തെ ഭാരപ്പെടുത്തുകയല്ല, കൂടുതൽ സ്വാതന്ത്ര്യത്തോടും സന്തോ ഷത്തോടുകൂടെ ജീവിക്കാൻ ശക്തരാക്കുകയാണെന്ന ബോധ്യം കുട്ടികളിൽ വളർത്തിയെടുക്കുവാൻ സ്നേഹോത്സവത്തിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നു. ഇത് ഒരു ആത്മീയ ഉത്സവമാക്കാൻ ശ്രമിക്കുമല്ലോ.

**ഈ വർഷം അദ്ധ്യാപക സഹായിയും 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വർക്ക് ബുക്കുമാണ് തയ്യാറാക്കിയിരി ക്കുന്നത്.** ആക്ഷൻ സോങ് വീഡിയോ ഡി.വി.ഡി. ഉണ്ടായിരിക്കും. വർക്ക് ബുക്ക് എത്ര എണ്ണം ഒരു ഇടവകയിലേക്ക് വേണമെന്നത് മാർച്ച് 1-ന് മുൻപെങ്കിലും ഫൊറോന കേന്ദ്രത്തിൽ അറിയിച്ചിരിക്കണം. **വർക്ക് ബുക്കിന് ഒന്നിന് 15 രൂപ നൽകി** ഫൊറോന കേന്ദ്രത്തിൽ നിന്നും **വാങ്ങാവുന്നതാണ്.**

## അദ്ധ്യാപകസഹായി:

**സാധാരണപോലെ 10 അദ്ധ്യാപകസഹായി, 2 വീഡിയോ ഡി.വി.ഡി. -കൾ എന്നിവയ്ക്ക് 250 രൂപ** നൽകി ഫൊറോന കേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. മാർച്ച് 25-ന് മുൻപ് ഇവ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ഇടവകതലത്തിൽ അദ്ധ്യാപകർ ഒരുമിച്ചുകൂടി വികാരിയച്ചനോ അച്ചൻ നിയോഗിക്കുന്നവരോ നയിക്കുന്ന ഒരു പഠന ക്ലാസ്സ് വയ്ക്കുന്നത് നന്നായിരിക്കും. ഞായറാഴ്ച കുട്ടികളോടിട പെടുന്ന വേദപാഠാദ്ധ്യാപകർ എല്ലാവരും സ്നേഹോത്സവത്തിലും ഉണ്ടാകണം.

ഓരോ ഇടവകയുടെയും പൊതുവായ സാഹചര്യം പരിഗണിച്ച് നട ത്തേണ്ട കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കണം. അതിനായി ബഹു.വി കാരിയച്ചന്റെ നിർദ്ദേശങ്ങൾക്കനുസൃതം വേദപാഠാദ്ധ്യാപകർ ഒരുമിച്ചു കൂടി ആലോചിക്കണം. കോഴ്സ് തുടങ്ങുന്നതിന് ഒരാഴ്ച മുമ്പെങ്കി ലും ഇടവകയിലെ **കോഴ്സിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളു ടേയും ക്രമീകരിക്കുന്ന പദ്ധതികളുടേയും കൃത്യമായ രൂപരേഖ തയ്യാറാക്കി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നത് നല്ലതാണ്.**

മറ്റു നിർദ്ദേശങ്ങൾ അദ്ധ്യാപകസഹായിയുടെ ആരംഭത്തിൽ കൊടുക്കുന്നതാണ്.

## 2) സർട്ടിഫിക്കറ്റ് (Std. X) പരീക്ഷാ ഫലങ്ങൾ

2018 ജനുവരി 28-ാം തീയതി നടത്തിയ വേദപാഠ സർട്ടിഫിക്കറ്റ് (Std. X) പരീക്ഷാ ഫലങ്ങൾ മാർച്ച് 4-നു ശേഷം ലഭ്യമായിരിക്കും. പരീക്ഷയിൽ സംബന്ധിച്ച ഓരോരുത്തരുടെയും വിശദമായ മാർക്കും വിവരങ്ങളും അറിയാൻ കാറ്റികോർപ്പ് പാരിഷ് ലോഗിൻ തുറന്ന് add exam details Std. X പരിശോധിക്കുക. 100-ൽ 35 മാർക്കെങ്കിലും കിട്ടു കയും, 80% ഹാജർ ഉണ്ടായിരിക്കുകയും ചെയ്യുന്നവരുടെ പേരുകളാ യിരിക്കും സർട്ടിഫിക്കറ്റിന് അർഹരായവരായി രേഖപ്പെടുത്തിയി രിക്കുന്നത്.

### 2.1 പുനഃപരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ വേദപാഠ സർട്ടിഫിക്കറ്റ് (Std. X) പരീക്ഷ യിൽ തോറ്റവർക്കു വേണ്ടിയുള്ള സർട്ടിഫിക്കറ്റ് പുനഃപരീക്ഷ **2018 ഏപ്രിൽ 28 ശനിയാഴ്ച** രാവിലെ 10.00 മുതൽ 12.00 വരെ കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബഹുമാനപ്പെട്ട **വികാരി അച്ചന്റെ കത്തോടുകൂടി 2018 ഏപ്രിൽ 14-ാം തീയതിക്കകം പേര് രജിസ്റ്റർ ചെയ്യണം. 14-നു ശേഷം രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.**

### 2.2 ഇൻകംപ്ലീറ്റ് സ്റ്റുഡൻസ്

മാർക്കുണ്ടായിരിക്കുകയും ഗ്രേഡ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും Incomplete എന്നു കാണുന്നത് ഹാജർ 80% ൽ കുറവുള്ളതിനാലാണ്. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസ്സിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസ്സുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് ബ. വികാരി അച്ചന് തീരുമാനിക്കാവുന്നതാണ്. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റുകുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. മറ്റുകുട്ടികളെപ്പോലെ ഹാജർ പൂർണ്ണമാകുമ്പോൾ (80%) വികാരി അച്ചന്റെ കത്തുമായി അതിരൂപതാകേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

### 2.3 സർട്ടിഫിക്കറ്റുകൾ

പത്താം ക്ലാസ്സിലെ പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ മാർച്ച് 31-ന് ശേഷം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. പേര്, പിതാവിന്റെ പേര്, വീട്ടുപേര് എന്ന ക്രമത്തിലായിരിക്കും ഓരോ കുട്ടിയുടെയും സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്തിരിക്കുന്നത്.

മുൻവർഷങ്ങളിൽ പരീക്ഷ എഴുതാത്തവരോ എഴുതി പാസ്സാകാത്തവരോ ഈ വർഷം പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ അവരുടെ റിസൽട്ട് exam folder ൽ certificate re-exam record ലാണ് നോക്കേണ്ടത്. പ്രത്യേക രജിസ്റ്റർ നമ്പറില്ലാതെ എഴുതിയിരിക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ അതിരൂപതാ കേന്ദ്രത്തിൽ നേരിട്ട് അന്വേഷിക്കേണ്ടതാണ്.

## 3) ഡിപ്ലോമ (Std. XI - XII/ 2016-2018) പരീക്ഷാ ഫലങ്ങൾ

2018 ജനുവരി 28-ാം തീയതി നടത്തിയ വേദപാഠ ഡിപ്ലോമ (Std. XII) പരീക്ഷാ ഫലങ്ങൾ മാർച്ച് 22-ന് പ്രസിദ്ധപ്പെടുത്തുന്നു. പരീക്ഷയിൽ സംബന്ധിച്ച ഓരോരുത്തരുടെയും വിശദമായ മാർക്കും വിവരങ്ങളും അറിയാൻ കാറ്റികോർപ്പ് പാരീഷ് ലോഗിൻ തുറന്ന് add exam details Std. XII പരിശോധിക്കുക.

**3.1** ഡിപ്ലോമ കോഴ്സ് രണ്ടുവർഷത്തെ പഠന പരിപാടിയാണല്ലോ. ഇതിലേക്ക് പ്രവേശിക്കാൻ വേണ്ട അടിസ്ഥാന യോഗ്യത പത്താം

ക്ലാസ്സ് (വേദപാഠ സർട്ടിഫിക്കറ്റു പരീക്ഷ) പാസ്സാകുക എന്നതാണ്. അങ്ങനെ അല്ലാത്തവർ കോഴ്സിൽ സംബന്ധിച്ചാലും റിസൽട്ട് ഇൻകംപ്ലീറ്റ് എന്നേ കാണൂ.

**3.2** കോഴ്സിന് 60% ഹാജർ ആവശ്യമാണ്. ഇത് ഇല്ലാതിരുന്നാൽ റിസൽട്ട് ഇൻകംപ്ലീറ്റ് എന്നേ കാണൂ. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസ്സിൽ ഇരിക്കുകയോ, അവധിക്കാലത്ത് പ്രത്യേകം ക്ലാസ്സുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് ബ. വികാരി അച്ചനാണ് തീരുമാനിക്കേണ്ടത്. എന്നാൽ കൃത്യമായി ക്ലാസ്സിൽ വന്ന മറ്റുകുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. മറ്റുകുട്ടികളെപ്പോലെ ഹാജർ പൂർണമാകുമ്പോൾ (60%) വികാരി അച്ചന്റെ കത്തുമായി അതിരൂപതാകേന്ദ്രത്തിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

**3.3** നാലു കാര്യങ്ങളാണ് ഡിപ്ലോമ കോഴ്സിലുള്ളത്. ഡിപ്ലോമ ഒന്നാം വർഷ പരീക്ഷ (100), രണ്ടാം വർഷ പരീക്ഷ (100), സോഷ്യൽ ഔട്ട് റീച്ച് പ്രോഗ്രാം (25), അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം (25). എല്ലാറ്റിനും കൂടി 250-ൽ 88 മാർക്കെങ്കിലും കിട്ടുകയും (35%), 60% ഹാജർ ഉണ്ടായിരിക്കുകയും ചെയ്യുന്നവരാണ് പ്രമോട്ട് ചെയ്യപ്പെടുക. എല്ലാം കൂടി **88**-ൽ അധികം മാർക്ക് ഉണ്ടായിരിക്കുകയും ഏതെങ്കിലും ഒന്നിൽ പങ്കെടുക്കാതിരിക്കുകയും ചെയ്താൽ റിസൽട്ട് പൂർണമാവില്ല.

വർഷങ്ങളായി തുടരുന്ന ഈ കാര്യങ്ങൾ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു എന്നു മാത്രം. യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നവർ മേൽപറഞ്ഞ ഏതു കാരണത്താലാണ് അങ്ങനെ വന്നത് എന്നു പരിശോധിക്കുകയും അത് കുട്ടികളെ അറിയിക്കുകയും ചെയ്യുക. അത് പരിഹരിക്കപ്പെടുമ്പോൾ ബഹു വികാരി അച്ചന്റെ കത്തുമായി അതിരൂപതയിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. ഉദാഹരണമായി ഔട്ട് റീച്ച് പ്രോഗ്രാമിനു പോകാത്ത കുട്ടി അടുത്തവർഷം മറ്റുകുട്ടികൾക്കൊപ്പം അതിനുപോയി റിപ്പോർട്ട് അവതരിപ്പിച്ച് കോഴ്സ് കംപ്ലീറ്റ് ചെയ്യണം.

**3.4 പുനഃപരീക്ഷ - ഡിപ്ലോമ**

ഒന്നാം സെമസ്റ്ററിലെയോ രണ്ടാം സെമസ്റററിലെയൊ പരീക്ഷയിൽ തോറ്റവർക്കും, പങ്കെടുക്കാൻ സാധിക്കാതിരുന്നവർക്കും വേണ്ടിയുള്ള **പുനഃപരീക്ഷ 2018 മെയ് 18 വെള്ളിയാഴ്ച** നടക്കും. ഒന്നാം വർഷ (XI) പരീക്ഷ രാവിലെ 10 മുതൽ 12 വരെയും രണ്ടാം വർഷ (XII)

പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെയും കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബഹുമാനപ്പെട്ട **വികാരി അച്ചന്റെ കത്തോടുകൂടി 2018 മെയ് 05-ാം തിയതിക്കകം പേര് രജിസ്ററർചെയ്യണം.**

കഴിഞ്ഞവർഷങ്ങളിൽ പരീക്ഷ എഴുതി പാസാകാത്തവർ ഈ വർഷം പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ അവരുടെ റിസൽട്ട് exam folder ൽ Previous year record ലാണ് നോക്കേണ്ടത്. യൂണിറ്റുകളിൽ റിസൽട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നവർ മേൽ പറഞ്ഞ ഏതു കാരണത്താലാണ് അങ്ങനെ വന്നത് എന്നു പരിശോധിക്കുകയും അത് അവരെ അറിയിക്കുകയും ചെയ്യുക. അത് പരിഹരിക്കപ്പെടുമ്പോൾ ബഹു. വികാരി അച്ചന്റെ കത്തുമായി അതിരൂപതയിലെത്തി സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. സർട്ടിഫിക്കറ്റുകൾ ഫൊറോനാ കേന്ദ്രത്തിൽ 2018 ഏപ്രിൽ 29-നു ശേഷം എത്തിക്കുന്നതാണ്.

**4) ബ. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

**4.1 പുതിയ അദ്ധ്യാപകരെ നിയമിക്കൽ**

അടുത്ത അദ്ധ്യയനവർഷത്തേക്ക് (2018-2019) പുതിയ വേദപാഠ അദ്ധ്യാപകരെ നിയമിക്കുന്നുണ്ടെങ്കിൽ അവരുടെ പേരുകൾ മെയ് 13-ന് എങ്കിലും അതിരൂപതാ കേന്ദ്രത്തിൽ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. പുതിയതായി ചേരുന്ന അദ്ധ്യാപകർക്കുള്ള പരിശീലനം വളരെ പ്രധാനപ്പെട്ടതാണല്ലൊ. രണ്ടു ദിവസത്തെ പരിശീലനം വളരെ പരിമിതമാണെങ്കിലും അതെങ്കിലും കൂടാത്തവരെ ദയവായി അദ്ധ്യാപനത്തിനായി നിയമിക്കരുത്. കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരെയും വിശ്വാസ ജീവിതത്തിൽ മാതൃകയായവരെയും നിയമിക്കാൻ ശ്രദ്ധിക്കുമല്ലൊ.

**4.2. പ്രധാനാദ്ധ്യാപകർ**

പ്രധാനാദ്ധ്യാപകരായി രണ്ടു ടേം പൂർത്തിയാക്കിയവരെ (6 വർഷം) മാറ്റി പുതിയ പ്രധാനാദ്ധാപകനെ/പ്രധാനാദ്ധ്യാപികയെ നിയമിക്കാൻ ബ. വികാരിയച്ചൻ താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 3 വർഷമാണ് പ്രധാനാദ്ധ്യാപകർക്ക് നിശ്ചയിച്ചിരിക്കുന്ന കാലാവധി (വചനദീപം 2017-18, പേജ് 90). 3 വർഷം കഴിയുമ്പോൾത്തന്നെ പുതിയൊരാളെ നിയമിക്കുന്നതാണ് നല്ലത്. വേദപാഠാദ്ധ്യാപകരുടെ സേവന കാലാവധി 65 വയസ്സുവരെയാണെന്ന കാര്യം അറിവുള്ളതാണല്ലൊ.

# പ്രധാന പരിപാടികൾ

**മാർച്ച് 2018**

| | | |
|---|---|---|
| 03 ശനി | : | സൺഡേ സ്ക്കൂൾ വാർഷിക റിപ്പോർട്ട് ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി. |
| 04 ഞായർ | : | സോണൽ കൺവെൻഷൻ (കൊരട്ടി, കറുകുറ്റി, മൂക്കന്നൂർ, മഞ്ഞപ്ര, വല്ലം, കാഞ്ഞൂർ) - നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന്. |
| 10 ശനി | : | സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷയിൽ (IV-IX) 80% ത്തിലധികം മാർക്ക് കിട്ടിയ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി. |
| 11 ഞായർ | : | സോണൽ കൺവെൻഷൻ (എറണാകുളം, ഇടപ്പള്ളി, കിഴക്കമ്പലം) - റിന്യൂവൽ സെന്റർ, കലൂർ |
| 18 ഞായർ | : | അദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസ്സിൽ (ഏപ്രിൽ 14-15) പങ്കെടുക്കാനുള്ളവരുടെ പേരുകൾ ഫൊറോന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി |
| 28 - 31 | : | വലിയ ആഴ്ച ഓഫീസ് അവധി |

**ഏപ്രിൽ 2017**

| | | |
|---|---|---|
| 03 - 08 | : | (ചൊവ്വ - ഞായർ) - **സ്നേഹോത്സവം** |
| 09 തിങ്കൾ | : | IV - IX ക്ലാസ്സിലെ കുട്ടികളുടെ ഹാജറിന്റെ ശതമാനവും ഇന്റേണൽ അസ്സസ്സ്മെന്റിന്റെ ശതമാനവും രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മാർക്കും ഓൺലൈനിൽ enter ചെയ്യാനുള്ള അവസാന തീയതി. |
| 14-15 | : | (ശനി, ഞായർ) വിശ്വാസ പരിശീലകർക്കുള്ള ക്ലാസ്സ് (BOC), റിന്യുവെൽ സെന്റർ, കലൂർ |
| 15 ഞായർ | : | ജനറൽ കൗൺസിൽ യോഗം (10.00 am 1.00 pm) |
| 18 - 20 | : | പ്ലസ്സ് വൺ കുട്ടികൾക്കുള്ള ക്യാമ്പ് - സ്പർശ് 2018, നിവേദിത, ചുണങ്ങംവേലി. |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2018 MARCH - APRIL

**I. Marriage Preparation Course (MPC)**

| | |
|---|---|
| Mar 04-06 (Pair) Kaloor | April 02-04 (Single) Kaloor |
| Mar 12-14 (Single) Kaloor | April 03-05 (Pair) Kalady |
| Mar 13-15 (Pair) Kalady | April 08-10 (Pair) Kaloor |
| Mar 20-22 (Single) Kalady | April 16-18 (Single) Kaloor |
| Mar 26-28 (Pair) Kaloor | April 17-19 (Pair) Kalady |
| | April 23-25 (Pair) Kaloor |
| | April 24-26 (Single) Kalady |
| | April 30-02 (Single) Kaloor |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**
Mar. 02-04 April 06-08

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**
Mar. 08-11 April 12-15

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**
April 27-29 Parenting Teenage Retreat (Age 13-19 Years)

**V. Widows' Retreat (Jeevalaya Family Park, Kalady) 9400929111**
Mar. 16-18 April 20-22

**VI. TCM Formation Retreat**
April 14 Kalady

**VII. TCM Retreat**
April 20-22 Niveditha

**VIII. GRACE RIPPLES MEET**

| | | | |
|---|---|---|---|
| Mar. | 04 Kizhakkambalam | Mar. | 11 Eranakulam |
| Mar. | 04 Koratty | Mar. | 11 Mookkannoor |
| Mar. | 10 Manjapra | Mar. | 18 Cherthala |
| Mar. | 10 Angamaly | Mar. | 18 Pallippuram |
| Mar. | 11 Edappally | Mar. | 18 Thripunithura |

| | | | |
|---|---|---|---|
| Mar. | 11 Parur | Mar. | 18 Vaikom |
| Mar. | 11 Moozhikkulam | Mar. | 18 Kanjoor |

## IX. വിൻ വിൻ കപ്പിൾസ് പരിശീലനം

വിവാഹജീവിതം ഒരുമിച്ചുള്ള വിജയത്തിന്റെ ആഘോഷമാക്കുവാൻ ജീവാലയ ഫാമിലീ പാർക്ക് ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിൻ വിൻ കപ്പിൾസ് പരിശീലനം നടത്തുന്നു. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് സ്നേഹത്തിൽ വളരുവാൻ വിവാഹജീവിതത്തിന്റെ അതിപ്രധാനമായ 10 മേഖലകളിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം.

- തിരുവിവാഹം
- വൈകാരിക നിയന്ത്രണവും പ്രകടനവും
- ഫലപ്രദമായ ആശയ വിനിമയം
- ബന്ധങ്ങളുടെ അതിർത്തി നിർണ്ണയം
- സ്നേഹത്തിന്റെ ലൈംഗീക പ്രകാശനം
- വ്യക്തിത്വ വ്യത്യാസങ്ങളുടെ സമന്വയം
- നന്മയുടെ പ്രബലനം
- സ്വയം മതിപ്പ്
- പ്രശ്നപരിഹാര പാടവം
- വൈവാഹിക ആദ്ധ്യാത്മീകത

**2018 മാർച്ച് 20 മുതലുള്ള 10 ചൊവ്വാഴ്ചകളിൽ**

സമയം: **വൈകുന്നേരം 5.30.മുതൽ 8.00 മണിവരെ**

സ്ഥലം: **ജീവാലയ ഫാമിലി പാർക്ക്, കാലടി**

ഫീസ്: **ഒരു ദമ്പതിക്ക് 1500 രൂപ (ഫീസ്, ഭക്ഷണം ഉൾപ്പെടെ)**

പ്രവേശനം: **ആദ്യം ബുക്ക് ചെയ്യുന്ന 25 ദമ്പതികൾക്കു മാത്രം**
(വിവാഹ പ്രായം 30 വർഷത്തിന് താഴെ)

താല്പര്യമുള്ളവർ വിളിക്കുക: 0484-2462607/9446343010 (അവരാച്ചൻ & സിബി)

**സന്ദർശിക്കുക: www.jeevalaya.org**

## X. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## പങ്കാളി 4 ലൈഫ് രജിസ്ട്രേഷൻ മാർച്ച് 31-നു മുൻപ്

നമ്മുടെ അതിരൂപതയിൽ ധാരാളം യുവതി യുവാക്കൾ പ്രായപൂർത്തിയായിട്ടും വിവാഹം കഴിക്കാനാകാതെ വിഷമിക്കുന്നുവെന്ന് നമുക്കറിയാമല്ലോ കുടുതലും പുരുഷന്മാരാണ് ഇപ്രകാരം ക്ലേശിക്കുന്നത്. വിദ്യാഭ്യാസക്കുറവും ജോലിയുടെ പ്രത്യേകതയുമാണ് ഇവരുടെ വിവാഹത്തിനു തടസ്സമായി

നിൽക്കുന്നത് എന്നു തോന്നുന്നു. ഇപ്രകാരം വിഷമിക്കുന്നവരെ സഹായിക്കുക സഭയുടെ ദൗത്യമാണെന്നു കരുതുന്നു. ആയതിനാൽ, ഇപ്രകാരമുള്ള വ്യക്തികളുടെ ഒരു സർവെ നടത്തി അവരുടെ നിജസ്ഥിതി മനസ്സിലാക്കി വേണ്ടത് ചെയ്യുവാൻ ആഗ്രഹിക്കുന്നു ഇതിനുവേണ്ടി ഈ നോമ്പുകാലത്ത് ഇപ്രകാരമുള്ളവരുടെ വിവര ശേഖരണത്തിനായി ഒരു ഫോം നൽകുന്നതാണ് ഇത് പൂരിപ്പിച്ച് 2018 ഏപ്രിൽ 1-നു മുമ്പായി എറണാകുളം കുടുംബപ്രേക്ഷിത കേന്ദ്രത്തിൽ എത്തിക്കുവാൻ താത്പര്യപ്പെടുന്നു ഗ്രെയ്സ് റിപ്പിൾസ് അംഗങ്ങൾ ഈ പദ്ധതിക്ക് നേതൃത്വം നല്കാൻ തയ്യാറാണ്.

**XI. സ്നേഹ സമൃദ്ധി**

ദമ്പതിധ്യാനത്തിൽ പങ്കെടുത്തവർക്കായി ഒരു ഏകദിന കൂട്ടായ്മ ജീവാലയ ഫാമിലി പാർക്കിൽ നടത്തുന്നു. 2018 ഏപ്രിൽ 22-ാം തിയതി 9.00 മണിക്കാരംഭിച്ച് വൈകിട്ട് 5.00 മണിക്ക് അവസാനിക്കുന്നു. വിഷയം: ഭാര്യാ-ഭർതൃ ബന്ധത്തിലെ ആത്മീയസമന്വയം താത്പര്യമുള്ളവർ ബന്ധപ്പെടുക. (ഫോൺ 9446335441)

**ഫാ. അഗസ്റ്റിൻ കല്ലേലി (ഡയറക്ടർ)**

---

**Naipunnya International**

**Broadway, Ernakulam Kochi 682031.**

0484-2381948, 2381949, Mob: 99474 89966

- **യുകെ. നേഴ്സസ് റിക്രൂട്ട്മെന്റ്**

  യു.കെ യിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് മാർച്ച് മാസം അവസാനം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് നൈപുണ്യ ഇന്റർനാഷണലുമായി ബന്ധപ്പെടുക.

**നൈപുണ്യ അക്കാദമി, ആസാദ് റോഡ്, കലൂർ.**

E-mail : info@niacademy.org, Mob: 9544919144

- **ഫോറിൻ ലാംഗ്വേജ്**

  ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ പുതിയ ബാച്ചുകൾ മാർച്ച് 1-ാം തീയതി ആരംഭിക്കുന്നു.

**ഫാ. വർഗീസ് പൊന്തേമ്പിള്ളി (ഡയറക്ടർ)**

# കളിമുറ്റം 2018

ഏഴാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി **പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസ് സംഘടിപ്പിക്കുന്ന അവധിക്കാല വ്യക്തിത്വ വികസന പരിപാടിയിലേക്ക് സ്വാഗതം.** 2018 ഏപ്രിൽ 15-ാം തീയതി വൈകിട്ട് 4.00 മണിക്കാരംഭിച്ച് 19-ാം തീയതി ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിക്കുന്ന പരിപാടിയിൽ കുട്ടികളുടെ വ്യക്തിത്വ വികസനം, കാലാഭിരുചികൾ തിരിച്ചറിഞ്ഞു വളർത്തിയെടുക്കാൻ, പ്രകൃതിയോടിണങ്ങിയ ജീവിതം, യോഗ പരിശീലനം തുടങ്ങിയ കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. രണ്ടാമത്തെ 'കളിമുറ്റം' 2018 മെയ് മാസം 6 മുതൽ 10 വരെയുള്ള തീയതികളിലാണ് നടത്തപ്പെടുക. കുട്ടികളെ പറഞ്ഞു വിടാൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ എത്രയും പെട്ടെന്ന് പേരുകൾ രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 കുട്ടികൾക്കാണ് അവസരം ഉണ്ടായിരിക്കുക.

**ഫാ. ജേക്കബ് കോറോത്ത്**
**ഡയറക്ടർ, പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസ്**

---

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## 2018 മാർച്ച് മാസത്തിലെ പ്രോഗ്രാമുകൾ

### ഈശോസ്പർശം ധ്യാനം

01 - 04 : പ്രസാദവരനാഥ പള്ളി, ആളൂർ( ഇരിങ്ങാലക്കുട)
04 - 06 : ലിറ്റിൽ ഫ്ളവർ പള്ളി, ഫോർട്ട് കൊച്ചി
07 - 10 : ഹോളി ക്രോസ് തീർത്ഥാടന പള്ളി, മാപ്രാണം
11 - 14 : സെന്റ് ആന്റണീസ് പള്ളി, ചെമ്മനത്തുകര
15 - 17 : ഇൻഫന്റ് ജീസസ് പള്ളി, കല്ലേറ്റുംക്കര (ഇരിങ്ങാലക്കുട)
18 - 21 : സെന്റ്. തോമസ് ഫൊറോന പള്ളി, തുടങ്ങനാട് (പാലാ)
22 - 24 : സെന്റ്. ആന്റണീസ് ഫൊറോന പള്ളി, കിഴക്കമ്പലം
25 - 27 : ഹോളി ക്രോസ് ഫൊറോന പള്ളി, മഞ്ഞപ്ര

### ഹോം മിഷൻ

01 - 07 : ഹോളി ക്രോസ് തീർത്ഥാടന പള്ളി, മാപ്രാണം

### മറ്റു പരിപാടികൾ

08 : പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ്, റിന്യുവൽ സെന്റർ
15 : പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ്, സുബോധന

**ഫാ. ജോസഫ് പാറേക്കാട്ടിൽ (ഡയറക്ടർ)**

# കുടുംബ കൂട്ടായ്മ കേന്ദ്രം

## ഉണ്ണീശോയ്ക്കു ഒരു രൂപ

2017-ലെ ഇരുപത്തഞ്ചു നോമ്പുകാലത്ത് 'ഉണ്ണീശോയ്ക്ക് ഒരു രൂപ' പദ്ധതിയിലൂടെ കുടുംബകൂട്ടായ്മ ചാരിറ്റിഫണ്ട് സമാഹരിക്കുവാൻ സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. കുടുംബകൂട്ടായ്മ കേന്ദ്രത്തിൽ 2018 ഫെബ്രുവരി മാസം ലഭിച്ച തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| Ambunadu | 5000.00 | Nettoor | 3761.00 |
| Anappara | 15245.00 | Pallanthuruthu | 1320.00 |
| Arakunnam | 4000.00 | Pallippuram | 16000.00 |
| Chalil | 1000.00 | Pattanam | 2250.00 |
| Chempu | 6500.00 | Perumanoor | 5610.00 |
| Chunangamvely | 53945.00 | Puthencruz | 5805.00 |
| Elavoor (St. Mary) | 5000.00 | Puthenppally | 15460.00 |
| Kathikudam | 8375.00 | Rajagiri | 5640.00 |
| Kavil | 15000.00 | Sanjoenagar | 7000.00 |
| Kokkamangalam | 18867.00 | Sanjopuram | 6680.00 |
| Kunnappillissery | 3825.00 | Thripunithura | 12866.00 |
| Manikkamagalam | 21250.00 | Vellarappilly | 28780.00 |
| Muringoor | 15000.00 | Vengoor | 15830.00 |
| Muttathiparambu | 2000.00 | Vimalagiriy | 8000.00 |
| Neericode | 310.00 | Vyttila | 2000.00 |

**ഫാ. ജോർജ് കളപ്പുരയ്ക്കൽ**
**ഡയറക്ടർ**

## ആശാകിരണം പദ്ധതി പഠനത്തിനായി ബംഗ്ലാദേശ് സംഘം സഹൃദയയിൽ

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് സഹൃദയ നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയെക്കുറിച്ച് മനസിലാക്കുന്നതിനായി കാരിത്താസ് ബംഗ്ലാദേശ് ടീം സഹൃദയയിലെത്തി. രോഗത്തെ അതിജീവിച്ചവരുമായി സംഭാഷണം, പ്രതിരോധ, പുനരധിവാസ പ്രവർത്തനരീതികൾ മനസിലാക്കൽ എന്നിവയായിരുന്നു സന്ദർശന ലക്ഷ്യം. ആശാകിരണം പദ്ധതി അന്തർദേശീയതലത്തിൽത്തന്നെ മാതൃകാപരമാണെന്ന് സംഘം അഭിപ്രായപ്പെട്ടു.

## കാരുണ്യ ഇൻഷുറൻസ് പ്രീമിയം ചെക്ക് കൈമാറി

ഫെബ്രുവരി 15 മുതൽ കാരുണ്യ ഇൻഷുറൻസ് മൂന്നാം വർഷ പദ്ധതി പ്രാബല്യത്തിലായി. അംഗത്വം നേടിയവരുടെ പ്രീമിയം തുകയ്ക്കുള്ള ചെക്ക് സഹൃദയ ഡയറക്ടർ ഫാ. പോൾ ചെറുപിള്ളി, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ഡപ്യൂട്ടി ജനറൽ മാനേജർ ടി.കെ. ഹരിദാസിനു കൈമാറി.

## ഭിന്നശേഷിയുള്ളവരുടെ നേതൃസംഗമം

സഹൃദയ സ്പർശൻ ഗ്രാമപഞ്ചായത്ത്തല നേതൃസംഗമം സഹൃദയയിൽ സംഘടിപ്പിച്ചു. സാമൂഹ്യനീതിവകുപ്പ് ജില്ലാ ഓഫീസർ പ്രീതി വിൻസെന്റ് സമ്മേളനപ്രതിനിധികളുമായി ഭിന്നശേഷിക്കാർക്കുള്ള സർക്കാർ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സംവാദം നടത്തി.

## സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസറുമായി മുഖാമുഖം

ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ സഹായ പദ്ധതികൾ അർഹതയുള്ളവരിലെത്തിച്ച് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ എന്നിവരുമായി മുഖാമുഖം പരിപാടി സഹൃദയയിൽ സംഘടിപ്പിച്ചു.

### യോഗ ടി.ടി.സി. അടുത്തബാച്ച് ഏപ്രിൽ മാസത്തിൽ

സഹൃദയ നൈവേദ്യ സംഘടിപ്പിച്ചുവരുന്ന യോഗ ടി.ടി.സി. പരിശീലനത്തിന്റെ അടുത്ത ബാച്ച് മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടത്തുന്നു. വിശദവിവരങ്ങൾ നൈവേദ്യ ഓഫീസിൽനിന്നു ലഭ്യമാണ്. ഫോൺ: 0484-6573926.

### വനിതാദിനാഘോഷം

സഹൃദയയുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ വനിതാദിനാഘോഷങ്ങൾ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്നു. ജലസംരക്ഷണ പ്രവർത്തനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പരിപാടികൾ വനിതാദിനത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നു.

### വിലയിരുത്തൽ സന്ദർശനങ്ങൾ

സേവ് എ ഫാമിലി പ്ലാൻ കുടുംബസഹായപദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പുറമേനിന്നുള്ള വിദഗ്ധസംഘം സഹൃദയയിൽ സന്ദർശനം നടത്തി. ഓഫീസിലെ റെക്കോർഡുകൾ പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുമായി സംസാരിക്കുകയും ഇടവകതലപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സമിതികളുമായി ചർച്ച നടത്തുകയും ചെയ്തു.

ഭിന്നശേഷിയുള്ളവർക്കായി നടപ്പാക്കുന്ന ചായ്- ലിലിയൻ ഫോണ്ട്സ് പദ്ധതിയെക്കുറിച്ചുള്ള വിലയിരുത്തലിനും വിദഗ്ധ സംഘം എത്തി. കണക്കുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും പദ്ധതിയുടെ ഗുണഭോക്താക്കളെ സന്ദർശിക്കുകയും ചെയ്തു.

## സഹായ, വായ്പാ വിതരണ വിവരം ജനുവരി 2018

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (77) | 1,82,90,000.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| ചികിത്സാ സഹായം | | 10,000.00 |
| ഭവന സഹായം | | 10,000.00 |

**സേവ് എ ഫാമിലി പ്ലാൻ**

| | |
|---|---|
| കുടുംബ സ്ഥിരസഹായ പദ്ധതി (306) | 21,39,272.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (8) | 1,04,000.00 |

**ഇൻഷുറൻസ് പദ്ധതികൾ**

| | |
|---|---|
| ആശ്വാസ് മരണാനന്തര സഹായം (6) | 6,000.00 |

**ലൈറ്റ് എ ലൈഫ് പദ്ധതി**

| | |
|---|---|
| വിദ്യാഭ്യാസ സഹായം | 24,000.00 |
| കുടുംബ സഹായം | 12,000.00 |

## അതിരൂപതാ സഹായനിധി ജനുവരി 2018

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 10,000.00 | | | |
| അങ്കമാലി | 9,500.00 | 1,000.00 | | |
| മഞ്ഞപ്ര | 5,000.00 | 4,000.00 | | |
| മൂഴിക്കുളം | 13,000.00 | | | |
| കാഞ്ഞൂർ | 8,000.00 | | | |
| വല്ലം | 3,000.00 | | | |
| എറണാകുളം | | 1,500.00 | | |
| കിഴക്കമ്പലം | 5,000.00 | 4,000.00 | | |
| ഇടപ്പള്ളി | 5,000.00 | 1,500.00 | | |
| പറവൂർ | 5,000.00 | 2,500.00 | | |
| തൃപ്പൂണിത്തുറ | | 2,500.00 | | |
| വൈക്കം | | 1,000.00 | | |
| പള്ളിപ്പുറം | 15,000.00 | 3,000.00 | | |
| ചേർത്തല | 5,000.00 | 5,000.00 | | |
| മുക്കന്നൂർ | 16,000.00 | | | |
| കറുകുറ്റി | | 8,000.00 | | |
| **ആകെ** | **99,500.00** | **34,000.00** | | |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**RENEWAL CENTRE, AZAD ROAD, KALOOR, KOCHI 682017.**
Ph. 0484- 2343940, 4047458, 2346963

## ATAL TINKERING LAB

കേന്ദ്ര ഗവൺമെന്റിന്റെ NITIAYOG –ൽ നിന്നും ATAL INNOVATION MISSION –ന്റെ ഭാഗമായി ATAL Tinkering Labs അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള താഴെപ്പറയുന്ന 7 വിദ്യാലയങ്ങൾക്ക് ലഭിക്കുകയുണ്ടായി. Cardinal H.S.S., Thrikkakara, St. Augustine's H.S. Ernakulam, St. George's H.S.S., Puthenpally, St. Aloysius H.S., N. Parur , Infant Jesus H.S., Vadayar, St. Raphael's H.S.S., Ezhupunna, St. Joseph's H.S.S., Meloor. ഓരോ വിദ്യാലയത്തിനും 20 ലക്ഷം രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ഇതിന് പിന്നിൽ പ്രവർത്തിച്ച കോർപ്പറേറ്റ് മാനേജർ - ഫാ. അബ്രാഹം ഓലിയപ്പുറത്ത്, അസി. മാനേജർ - ഫാ. സിജൊ കിരിയാന്തൻ, മെന്റർ - ശ്രീ. ജോജി ജേക്കബ്, പ്രോഗ്രാം കോർഡിനേറ്റർ - പ്രൊഫ. ഫ്രാൻസീസ് എടത്രക്കരി, പ്രിൻസിപ്പാൾമാർ, പ്രധാനാദ്ധ്യാപകർ, സ്ക്കൂൾ കോർഡിനേറ്റർ എന്നിവർക്കും അഭിനന്ദനങ്ങൾ.

## പ്രധാനാദ്ധ്യാപകരുടെ യോഗം

അതിരൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകരുടെ യോഗം 2018 ജനുവരി 13-ാം തീയതി (ശനിയാഴ്ച) രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു.

## സമർപ്പിത സംഗമം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ 2018 ഫെബ്രുവരി 4-ാം തീയതി (ശനി) ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ സമർപ്പിതരെ ആദരിച്ചു. അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജോയ്സ് കൈതക്കോട്ടിൽ മുഖ്യ സന്ദേശം

നൽകിയ സംഗമത്തിൽ 40 സമർപ്പിതർ പങ്കുചേർന്നു. കോർപ്പറേറ്റ് മാനേജർ ഫാ. എബ്രാഹം ഓലിയപ്പുറത്ത് അദ്ധ്യക്ഷത വഹിച്ചു. തൃക്കാക്കര കാർഡിനൽ സ്ക്കൂൾ അദ്ധ്യാപകൻ ഫാ. എബി ഇടശ്ശേരിയുടെ നേതൃത്വത്തിൽ സമർപ്പിതർക്കായി ഗ്രൂപ്പ് ചർച്ച നടത്തി. സമർപ്പിതർ അനുഭവങ്ങൾ പങ്കുവച്ച സംഗമം ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## EMPOWER – 2018

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി ദ്വിദിന പരിശീലന പരിപാടി (EMPOWER - 2018) മൂന്ന് മേഖലകളിലായി സംഘടിപ്പിക്കുന്നു.

| Date | Time | Venue | Programme |
|---|---|---|---|
| April 11 & 12 (Wed. & Thu.) | 9.30 to 4.00 | Subodhana, Angamaly | Empower 2018 for Teachers |
| April 24 & 25 (Tue. & Wed.) | 9.30 to 4.00 | St. Mary's Auditorium, Pallippuram | Empower 2018 for Teachers |
| May 11 & 12 (Fri. & Sat.) | 9.30 to 4:00 | Renewal Centre, Kaloor | Empower 2018 for Teachers |

## പരിശീലന പരിപാടി

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വേണ്ടി നടത്തുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| May 5 (Sat.) | 9.30 4:00 | Renewal Centre, Kaloor | Empower 2018 for Non-Teaching Staff |
| May 19 (Sat.) | 9.30 4:00 | Renewal Centre, Kaloor | Training for The Heads of The Institutions |

**ഫാ. അബ്രാഹം ഓലിയപ്പുറത്ത്**
**കോർപ്പറേറ്റ് മാനേജർ**

# കത്തോലിക്കാ കോൺഗ്രസ്സ്

## എറണാകുളം-അങ്കമാലി അതിരൂപത

"കരുത്തായ് കരുതലാൽ" എന്ന മുദ്രാവാക്യവുമായ് പുതിയ ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായ് ഒരു റിന്യൂവൽ പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഇതിന്റെ ലക്ഷ്യം 'പ്രാർത്ഥനയിൽ വളരാൻ, ആത്മീയതയിൽ പ്രവർത്തിക്കാൻ' എന്നതാണ്. 2018 മാർച്ച് 9 മുതൽ 11 വരെ ചുണങ്ങംവേലി നിവേദിതയിൽ നടത്തപ്പെടുന്ന ഈ പ്രോഗ്രാമിൽ എല്ലാ അതിരൂപതാ, ഫോറോനാ ഭാരവാഹികളും മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

അഭിവന്ദ്യ പിതാക്കന്മാരും അതിരൂപതയിലെ പ്രമുഖ വൈദികരും ക്ലാസ്സുകൾ നയിക്കുന്നു.

**09-02-2018 വെള്ളി** - മാർ ജോസ് പുത്തൻവീട്ടിൽ

**10-02-2018 ശനി**

2.30 pm - കർദിനാൾ മാർ ജോർജ് ആലഞ്ചേരി

6.00 pm - മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ്

**11-02-2018 ഞായർ** - മാർ തോമസ് ചക്യത്ത്

ക്ലാസ്സുകൾ നയിക്കുന്നവർ:

റവ. മോൺ ആന്റണി നരികുളം

റവ. ഫാ. ജോസ് പുതിയേടത്ത്

റവ. ഫാ. വർഗ്ഗീസ് മണവാളൻ

റവ. ഫാ. ജോസ് മണ്ടാനത്ത്

**ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജനുവരി 2018**

28 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ പാലാരിവട്ടം പി.ഒ.സി.-യിൽ മിഷൻ സെമിനാറിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും മിഷണറിമാരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

29 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം ആലുവ മംഗലപ്പുഴ സെമിനാരിയിൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെമിനാർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എടക്കുന്നിൽ സി.എസ്.എൻ. സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാന ചടങ്ങിലും ജൂബിലിയിലും മുഖ്യ

കാർമ്മികത്വം വഹിച്ചു. ചുറ്റൂർ ധ്യാനകേന്ദ്രത്തിൽ ABIDE ധ്യാനത്തിൽ വചന സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന സി.എ.ടി. പ്രോഗ്രാമിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. വൈകുന്നേരം റിന്യൂവൽ സെന്ററിൽ എം.പി.സി.-യിൽ ക്ലാസ്സ് എടുത്തു.

30 പിതാക്കന്മാർ മൂന്ന് പേരും രാവിലെ അരമനയിൽ നടന്ന പ്രസ്ബിററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

ജോർജ് ആലഞ്ചേരി പിതാവ് ഉച്ചയ്ക്ക് മാന്നാനത്ത് "International Seminar on St Thomas Christians: a Historiographycal Approach" -ൽ പങ്കെടുത്തു.

31 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കോടനാട് എസ്.ഡി. മഠത്തിന്റെ വെഞ്ചെരിപ്പ് കർമ്മം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. എറണാകുളം സെന്റ് മേരീസ് സ്കൂളിന്റെ ആനുവൽ ഡേ -യോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന പിയത്താ ഭവന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

**ഫെബ്രുവരി 2018**

1-9 ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. പ്ലീനറി അസംബ്ളിയിൽ പിതാക്കന്മാർ മൂന്നുപേരും പങ്കെടുത്തു.

10 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം മലയാറ്റൂർ പള്ളിയുടെ പുതുക്കിപ്പണിത പള്ളിമേട വെഞ്ചെരിച്ച് കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ വിജോഭവനിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച അൾത്താരയുടെ വെഞ്ചെരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് മുട്ടം ഫൊറോനായിൽ നടന്ന കൺവെൻഷനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

11 ജോർജ് ആലഞ്ചേരി പിതാവ് വൈകിട്ട് എറണാകുളത്ത് റിട്ട. ഡി.ജി.പി. ശ്രീ. ജോസഫ് തോമസിന്റെ മൃതദേഹസംസ്കാര കമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സെഹിയോൻപുരം പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി. വൈകുന്നേരം കിഴക്കമ്പലം ഇടവകയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച ഭവനങ്ങളുടെ വെഞ്ചെരിപ്പ് കർമ്മം നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് മൂഴിക്കുളം ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

12 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന ബി.എം.സി കോമേഴ്സ് ആൻഡ് ആർട്ട്സ് കോളേജിന്റെയും, അങ്കമാലി എൽ.എഫ് ഹോസ്പിറ്റലിന്റെയും ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ എളവൂർ പള്ളിയിൽ ബ. പോൾ മണവാളനച്ചനുവേണ്ടി പ്രാർത്ഥനാ ശുശ്രൂഷ നടത്തി. ആലുവ സെനക്കിളിൽ (ജനറലേറ്റ് എസ്.എ.ബി.എസ്.) ആരാധനാ സഭ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെട്ടതിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഐശ്വര്യഗ്രാമിൽ നടന്ന സേവ് എ ഫാമിലിയുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ പി.ഒ.സി.-യിൽ നടന്ന വിറ്റ്നസ് ഓഫ് മേഴ്സി പോഗ്രാമിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. മാണിക്കമംഗലം സ്പെഷ്യൽ സ്കൂളിൽ വി. കുർബാന അർപ്പിച്ചു.

14 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചക്ക് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിന്റെ പുതിയ കെട്ടിടസമുച്ചയം വെഞ്ചെരിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം ഗുരുവായൂർ സെന്റ് ആന്റണീസ് പള്ളിയിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ സുവർണ്ണ ജൂബിലി സമാപനാഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം ബസിലിക്കയിൽ വിഭൂതിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കൊരട്ടി ഫൊറോനായിൽ നടന്ന ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തുതിയൂർ പള്ളിയിൽ വിഭൂതിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം അങ്കമാലി സുബോധനയിൽ ക്ലാസ്സ് എടുത്തു.

15 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം ഇരിങ്ങാലക്കുട കത്തീഡ്രലിൽ ശ്രീ. എം. സി. പോളിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പറവൂർ കച്ചേരിപ്പടി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

16 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം മറൈൻ ഡ്രൈവ് കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

17 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വടയാർ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച അൾത്താരയുടെ വെഞ്ചെരിപ്പ് കർമ്മം നടത്തുകയും ചെയ്തു. വൈകുന്നേരം ആലുവയിൽ നടന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

18 ജോർജ് ആലഞ്ചേരി പിതാവ് കുറുമശേരി ലിറ്റിൽ ഫ്ളവർ പള്ളിയിൽ അജപാലന സന്ദർശനം നടത്തി. അതോടൊപ്പം പുതിയ മതബോധന ഹാളിന്റെ അടിസ്ഥാന ശില ആശീർവദിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് മാടയ്ക്കൽ പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

18-20 സെബാസ്റ്റ്യൻ പിതാവ് ഐശ്വര്യഗ്രാമിലും പൊന്നുരുന്നിയിലും നടന്ന സേവ് എ ഫാമിലി-യുടെ മീറ്റിംഗിൽ പങ്കെടുത്തു.

19 ജോർജ് ആലഞ്ചേരി പിതാവ് ഉച്ചക്ക് മറൈൻഡ്രൈവ് ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

ജോസ് പിതാവ് മറൈൻ ഡ്രൈവ് കൺവെൻഷനിൽ സമാപന സന്ദേശം നൽകുകയും ദിവ്യകാരുണ്യ ആരാധനയ്ക്കും, പ്രദക്ഷിണത്തിനും മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. റിന്യൂവൽ സെന്ററിൽ എം.പി.സി-യിൽ ക്ലാസ്സ് എടുത്തു.

വൈകുന്നേരം, മേജർ ആർച്ച് ബിഷപ്പ് ഹൗസിൽ നിന്ന് സ്ഥലം മാറിപ്പോകുന്ന ബ. വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പിതാക്കന്മാർ മൂന്ന് പേരും പങ്കെടുത്തു.

20 ജോസ് പുത്തൻവീട്ടിൽ പിതാവ് തൃക്കാക്കര മൈനർ സെമിനാരി സന്ദർശിച്ചു.

21 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ "International Symposium on Affective Maturity in Celibate Life" ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

രാവിലെ മേലൂരിൽ ബഹു. ജോഷി പുതുശ്ശേരി അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതസംസ്ക്കാര കർമ്മത്തിന് ജോസ് പുത്തൻവീട്ടിൽ പിതാവ് ഭവനത്തിലും, സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പള്ളിയിലും മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം തുരുത്തിപ്പുറം ഇടവകയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പ് കർമ്മം നിർവഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് റിന്യൂവൽ സെന്ററിൽ ലീജിയൻ ഓഫ് മേരി മീറ്റിംഗിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. സുബോധനയിൽ ക്ലാസ്സ് എടുത്തു.

22 ജോർജ് ആലഞ്ചേരി പിതാവ് വൈകുന്നേരം പാലാ മേലംപാറയിൽ മിഷണറി സൊസൈറ്റി ഓഫ് സെന്റ് തോമസ് (MST) സഭയുടെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

* * * * *


Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |

I, Fr. Jose Pollayil, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2018



ഓശാന, പെസഹാ തിരുനാളുകളുടെ

ആശംസകൾ...



Registered No. KL/EKM/748/2016-18
RNI No. 3421/57
Date of Publication: 01.03.2018
Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

"ജോസഫ് നിദ്രയിൽ നിന്നുണർന്നു,
കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ
പ്രവർത്തിച്ചു". (മത്താ. 1:24)

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil